4

2024
മേയ്
ശനി
മേടം 21


NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-5, Issue No.177 Page 4, | Price: Rs. 2 | പുസ്തകം-5 ലക്കം-177 | പേജ് 4. വില 2.00 രൂപ




02 ശബരി എയർപോർട്ട് നിർമാണ സ്റ്റേ: സർക്കാരിനു മൗനം
03 യാത്രക്കാർക്ക് ദുരിതം; വേണാട് എക്സ്പ്രസ് എറണാകുളം ജംഗ്ഷൻ ഒഴിവാക്കൽ
04 വിയർപ്പ് തുന്നിയിട്ട കുപ്പായം ...

# തീരദേശ ജനതയോട് എന്നും അവഗണന: കെഎൽസിഎ

തിരുവനന്തപുരം: മുതലപ്പൊഴിയിൽ അപകടത്തിൽപ്പെട്ട് മരണം തുടർക്കഥയായിട്ടും സർക്കാരിൻറെ ഇടപെടൽ ഉണ്ടാവാത്തത് തീരദേശ ജനതയോടുള്ള അവഗണനകൊണ്ടാണെന്നു കെഎൽസിഎ ലത്തീൻ അതിരൂപത പ്രസ്താവനയിൽ പറഞ്ഞു.

2006ൽ അശാസ്ത്രീയമായി പുലിമുട്ട് നിർമിച്ചതിനു ശേഷം 726 ലധികം അപകടങ്ങൾ ഉണ്ടാക്കുകയും 75 ലധികം മരണങ്ങൾ സംഭവിക്കുകയും 707ഓളം പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്.മുതലപ്പൊഴിയിലെ അവസ്ഥകൾ പഠിച്ചശേഷം വിദഗ്ധ സമിതി സർക്കാരിനു സമർപ്പിച്ച റിപ്പോർട്ടിൽ തെക്കുഭാഗത്തെ പുലിമുട്ടിൻറെ നീളം കൂട്ടണമെന്നും പ്രവേശന കവാടം മാറ്റിസ്ഥാപിക്കണമെന്നും നിർദേശിച്ചിട്ടും അതും നടപ്പാക്കിയില്ല. മത്സ്യത്തൊഴിലാളികളും അതിരൂപതയും മുതലപ്പൊഴിയുടെ അശാസ്ത്രീയത പരിഹരിക്കണമെന്നു നിരന്തരമായി ആവശ്യപ്പെട്ടിട്ടും ഇക്കാര്യത്തിൽ ഇതുവരെ നടപടികൾ പൂർത്തിയായിട്ടില്ല. മുതലപ്പൊഴിയിലെ അശാസ്ത്രീയമായ പുലിമുട്ട് നിർമാണങ്ങൾ മത്സ്യത്തൊഴിലാളികളുടെ മരണത്തിന് കാരണമാകുന്നു. ഇത് പരിഹരിക്കാൻ സർക്കാർ നടപടി കൈക്കൊള്ളുന്നില്ല.

ശാസ്ത്രീയമായ പരിഹാരമുണ്ടാക്കുകയെന്നതു ഭരണകൂടത്തിൻറെ ചുമതലയാണെന്നു സർക്കാരിന് വ്യക്തമായി അറിയാമെങ്കിലും മത്സ്യത്തൊഴിലാളികളോടു കാണിക്കുന്ന നിഷേധാത്മക നിലപാട് തുടരുകയാണ്.

മത്സ്യത്തൊഴിലാളികളോട് സർക്കാർ തുടരുന്ന അവഗണന അവസാനിപ്പിക്കണമെന്നും ഇനിയൊരു ജീവൻ കൂടി നഷ്ടപ്പെടാതിരിക്കാനുള്ള അടിയന്തിര മുൻകരുതൽ സർക്കാർ സ്വീകരിക്കണമെന്നും മരണമടഞ്ഞവരുടെ ആശ്രിതർക്ക് നഷ്ടപരിഹാര പാക്കേജ് പ്രഖ്യാപിക്കണമെന്നും കെഎൽസിഎ തിരുവനന്തപുരം അതിരൂപതാ പ്രസിഡൻറ് പാട്രിക് മൈക്കിൾ, ജനറൽ സെക്രട്ടറി സുരേഷ് സേവ്യർ എന്നിവർ ആവശ്യപ്പെട്ടു.

## മുതലപ്പൊഴി: അധികൃതരോട് റിപ്പോർട്ട് തേടി സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ

തിരുവനന്തപുരം: തിരുവനന്തപുരത്തെ തീരദേശ മേഖലയായ മുതലപ്പൊഴിയിൽ അപകടങ്ങൾ തുടർക്കഥയാകുന്നത് തീരദേശത്ത് ആശങ്ക വർദ്ധിപ്പിക്കുകയാണ്. 2006ൽ പുലിമുട്ട് നിർമ്മാണം പൂർത്തിയായതിനുശേഷം 125 അപകടങ്ങളിലായി 73 മത്സ്യതൊഴിലാളികളുടെ ജീവൻ നഷ്ടമാവുകയും എഴുനൂറിലേറെ പേർക്ക് പരിക്കേൽക്കുകയും ചെയ്തു.

ലക്ഷക്കണക്കിന് രൂപയുടെ നാശനഷ്ടങ്ങളും സംഭവിച്ചു. തീരദേശ മേഖലയിലെ അപകടാവസ്ഥയെക്കുറിച്ച് പതിമൂന്ന് വർഷത്തിനിടയിൽ ഏഴ് വിദഗ്ധ പഠനങ്ങൾ നടന്നിട്ടുണ്ട്. ഈ പഠന റിപ്പോർട്ടുകളിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്നതിനെ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഒരാഴ്ചക്കുള്ളിൽ നൽകുവാൻ തുറമുഖ വകുപ്പ് സെക്രട്ടറി, ഫിഷറീസ് വകുപ്പ് ഡയറക്ടർ, തീരദേശ പോലീസ് മേധാവി, തിരുവനന്തപുരം ജില്ലാ കളക്ടർ എന്നിവരോട് സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ അഡ്വ. എ.എ റഷീദ് നിർദ്ദേശിച്ചു.

## അഭ്യൂഹങ്ങൾക്ക് വിരാമം: രാഹുൽ റായ്ബറേലിയിൽ; അമേഠിയിൽ കെ.എൽ. ശർമ

ന്യൂഡൽഹി : അഭ്യൂഹങ്ങൾക്കൊടുവിൽ രാഹുൽ ഗാന്ധിയെ റായ്ബറേലിയിൽ സ്ഥാനാർഥിയായി പ്രഖ്യാപിച്ച് കോൺഗ്രസ് നേതൃത്വം. മുൻ അധ്യക്ഷ സോണിയ ഗാന്ധിയുടെയും രാഹുലിന്റെയും വിശ്വസ്തനായ കെ.എൽ.ശർമ അമേഠിയിൽ മത്സരിക്കും.

അമേഠിയിലും റായ്ബറേലിയിലും നാമനിർദേശ പത്രിക നൽകാനുള്ള സമയം ഇന്ന് അവസാനിക്കാനിരിക്കെയാണ് കോൺഗ്രസിന്റെ കേന്ദ്ര തിരഞ്ഞെടുപ്പു കമ്മറ്റി സ്ഥാനാർഥികളെ ഔദ്യോഗികമായി പ്രഖ്യാപിച്ചത്. 2004 മുതൽ തുടർച്ചയായി 3 തവണ ജയിച്ച അമേഠിയിൽ തന്നെ രാഹുൽ തുടരണമെന്ന വാദം കോൺഗ്രസിൽ ഉയർന്നിരുന്നു. ഇന്നലെ രാത്രി വൈകിയും തീരുമാനമാകാതെ വന്നതോടെ രണ്ടിടത്തും രാഹുലിന്റെ കൂറ്റൻ ബോർഡുകൾ ഉയർത്തിയിരുന്നു.

പ്രിയങ്ക ഗാന്ധി മത്സരത്തിനില്ലെന്ന് അറിയിച്ചതോടെയാണ് കെ.എൽ.ശർമയ്ക്ക് അമേഠിയിൽ വഴിയൊരുങ്ങിയത്. റായ്ബറേലിയിലും അമേഠിയിലും സോണിയയുടെയും രാഹുലിന്റെയും പ്രതിനിധിയായി ചുമതലകൾ ഏകോപിപ്പിച്ചിരുന്നത് ശർമയാണ്.

അമേഠിയിൽ കേന്ദ്രമന്ത്രിയും സിറ്റിങ് എംപിയുമായ സ്മൃതി ഇറാനിയും റായ്ബറേലിയിൽ യുപി മന്ത്രി ദിനേശ് പ്രതാപ് സിങ്ങുമാണ് ബിജെപി സ്ഥാനാർഥികൾ. മേയ് 20ന് ആണു രണ്ടിടത്തും വോട്ടെടുപ്പ്.

## മാതാപിതാക്കൾ ഒരേ പേരു നൽകിയാൽ മത്സരിക്കുന്നത് എങ്ങനെ തടയും?': അപരന്മാരെ വിലക്കണമെന്ന ഹർജിയിൽ സുപ്രീംകോടതി

ന്യൂഡൽഹി : തിരഞ്ഞെടുപ്പിൽ അപരന്മാരെ വിലക്കണമെന്ന ഹർജിയിൽ ഇടപെടാതെ സുപ്രീം കോടതി. പ്രമുഖ രാഷ്ട്രീയ നേതാക്കളുടെ അതേ പേരുള്ളതുകൊണ്ട് നാമനിർദേശ പത്രിക നൽകിയ സ്ഥാനാർഥികളെ വിലക്കാൻ സാധിക്കില്ലെന്ന് ജസ്റ്റിസ് ബി.ആർ.ഗവായ് അധ്യക്ഷനായ ബെഞ്ച് വ്യക്തമാക്കി. വോട്ടർമാരെ തെറ്റിദ്ധരിപ്പിക്കുന്നതിനു വേണ്ടി പ്രമുഖ സ്ഥാനാർഥികളുടെ പേരിൽ അപരന്മാരെ നിർത്തുന്നത് തടയണമെന്ന് ആവശ്യപ്പെട്ട് സാബു സ്റ്റീഫൻ നൽകിയ പൊതുതാൽപര്യ ഹർജിയിലാണ് കോടതിയുടെ പരാമർശം.

”മാതാപിതാക്കൾ സ്ഥാനാർഥികൾക്ക് സമാനമായ പേരുകൾ നൽകിയിട്ടുണ്ടെങ്കിൽ, അവരെ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽനിന്ന് എങ്ങനെ തടയാനാകും? രാഹുൽ ഗാന്ധിയെയും ലാലു പ്രസാദ് യാദവിനെയും പോലെ.” വിഷയം കേൾക്കാൻ വിസമ്മതിച്ച ജസ്റ്റിസ് ബി.ആർ.ഗവായ് പറഞ്ഞു. ഹർജി പിൻവലിക്കാൻ ഹർജിക്കാരന് കോടതി അനുമതി നൽകി.

അപരസ്ഥാനാർഥികളുടെ സാന്നിധ്യം പലപ്പോഴും പ്രമുഖ സ്ഥാനാർഥികൾ നേരിയ മാർജിനിൽ തോൽക്കുന്നതിന് ഇടയാക്കിയിട്ടുണ്ടെന്ന് ഹർജിയിൽ പറയുന്നു. സ്വതന്ത്രവും നീതിയുക്തവുമായ തിരഞ്ഞെടുപ്പ് പ്രക്രിയയുടെ താൽപര്യം കണക്കിലെടുത്ത് ഈ പ്രവണത അവസാനിപ്പിക്കാൻ അടിയന്തര നടപടികൾ കൈക്കൊള്ളാൻ തിരഞ്ഞെടുപ്പ് കമ്മിഷനോട് നിർദേശിക്കണമെന്നും ഹർജിയിൽ ആവശ്യപ്പെട്ടു

## തൃശ്ശൂരിൽ സ്വകാര്യ ബസും ജീപ്പും കൂട്ടിയിടിച്ച് രണ്ടുപേർ മരിച്ചു; 12 പേർക്ക് പരിക്ക്

ചേർപ്പ്: തൃശ്ശൂർ തൃപ്രയാർ റോഡിൽ മുത്തുള്ളിയാലിൽ ജീപ്പ് സ്വകാര്യബസിൽ ഇടിച്ച് ജീപ്പിൽ സഞ്ചരിച്ച രണ്ടുപേർ മരിച്ചു. 12 ബസ് യാത്രക്കാർക്ക് പരിക്കേറ്റു. മഞ്ഞപ്ര ആവുപാടം ദേവസ്യയുടെ മകൻ ബിജു (44), ഒഡീഷ സ്വദേശി സന്തോഷ് പ്രധാൻ എന്നിവരാണ് മരിച്ചത്. പരിക്കേറ്റവരെ വിവിധ ആശുപത്രികളിൽ പ്രവേശിപ്പിച്ചു. വെള്ളിയാഴ്ച ഉച്ചകഴിഞ്ഞാണ് അപകടമുണ്ടായത്.

ബസ് യാത്രക്കാരായ ചിറക്കൽ വാക്കറ വീട്ടിൽ മുഹമ്മദ് ബഷീർ (64), ചേർപ്പ് പടിഞ്ഞാട്ടുമുറി കറപ്പൻ വീട്ടിൽ അബ്ദുള്ള (74), ഇഞ്ചമുടി വെള്ളംപറമ്പിൽ സുബിത (37), ഇഞ്ചമുടി മുറിപറമ്പിൽ ലക്ഷ്മിക്കുട്ടി (76) എന്നിവരെ കൂർക്കഞ്ചേരി ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

ഇഞ്ചമുടി ഞാറ്റുവെട്ടി ദിലീപിന്റെ ഭാര്യ ഷീബ (53),മകൾ അമൃത (15),മണലൂർ പുത്തൻപുരയ്ക്കൽ കുട്ടന്റെ മകൻ മോഹനൻ (58),മോഹനന്റെ ഭാര്യ ശ്യാമ (50),പൊന്നൂക്കര തെക്കുംപുറം ബിജുവിന്റെ ഭാര്യ രേഷ്മ (33), മക്കളായ ഭവീഷ് കൃഷ്ണ (12), ഭദ്രശ്രീ (10), അവിണിശ്ശേരി കുന്നത്തുവളപ്പിൽ അനിൽകുമാറിന്റെ ഭാര്യ അംബിക (49), എന്നിവരെ പഴുവിലിലെ സ്വകാര്യ ആശുപത്രിയിലും പ്രവേശിപ്പിച്ചിട്ടുണ്ട്.

വെള്ളിയാഴ്ച ഉച്ചയ്ക്കു ശേഷം മൂന്ന് മണിയോടെ മുത്തുള്ളിയാൽ ഗ്ലോബൽ സ്കൂളിന് സമീപമാണ് അപകടം. അമിത വേഗത്തിൽ വന്ന ജീപ്പ് മറ്റൊരു വാഹനത്തെ മറികടക്കാൻ ശ്രമിക്കവേ തൃപ്രയാർ ഭാഗത്തേക്ക് പോയ ബസിൽ ഇടിക്കുകയായിരുന്നുവെന്ന് നാട്ടുകാർ പറഞ്ഞു.

രണ്ട് പേരാണ് ജീപ്പിൽ ഉണ്ടായത്. ഇവരെ ഏറെ നേരത്തെ പ്രയത്നത്തിനൊടുവിൽ പുറത്തെടുത്ത് കൂർക്കഞ്ചേരിയിലെ സ്വകാര്യ ആശുപത്രിയിൽ എത്തിച്ചുവെങ്കിലും ജീവൻ രക്ഷിക്കാനായില്ല. ജീപ്പിന്റെ മുൻഭാഗം പൂർണ്ണമായി തകർന്നു.

## കൊച്ചിയിൽ നടുറോഡിൽ നവജാതശിശുവിന്റെ മൃതദേഹം; ഫ്ലാറ്റിൽനിന്ന് വലിച്ചെറിഞ്ഞു കൊന്നു

കൊച്ചി : എറണാകുളം പനമ്പള്ളിനഗറിലെ വിദ്യാനഗറിൽ റോഡിൽ നവജാത ശിശുവിന്റെ മൃതദേഹം കണ്ടെത്തി. സമീപത്തുള്ള ഫ്ലാറ്റിൽനിന്ന് കുഞ്ഞിനെ ഒരു പായ്ക്കറ്റിലാക്കി വലിച്ചെറിഞ്ഞ് കൊന്നതെന്ന് പൊലീസ് അറിയിച്ചു. ആൺകുഞ്ഞിന്റേതാണ് മൃതദേഹമെന്ന് പൊലീസ് സ്ഥിരീകരച്ചു. പൊലീസ് സ്ഥലത്തെത്തി സിസിടിവി ദൃശ്യങ്ങൾ ഉൾപ്പെടെ ശേഖരിച്ചു.

സമീപത്തുള്ള ഫ്ലാറ്റിൽനിന്ന് ഒരു പൊതി റോഡിലേക്കു വന്നു വീഴുന്നതാണു സിസിടിവി ദൃശ്യങ്ങളിലുള്ളത്. രാവിലെ എട്ടേകാലോടെയാണു സംഭവം. റോഡിലേക്ക് എന്തോ വന്നു വീണതു കണ്ട് എത്തിയവർ കണ്ടത് ചോരയിൽ കുളിച്ചു കിടക്കുന്ന കുഞ്ഞിനെയാണ്. തുടർന്ന് പൊലീസിനെ വിവരം അറിയിക്കുകയും അവർ സ്ഥലത്തെത്തി അന്വേഷണം ആരംഭിക്കുകയുമായിരുന്നു. ആരാണ് കുഞ്ഞിനെ റോഡിലേക്ക് വലിച്ചെറിഞ്ഞത് എന്നത് കണ്ടെത്താൻ പൊലീസ് ശ്രമം തുടങ്ങി.

21 ഫ്ലാറ്റുകളാണ് പ്രദേശത്ത് ആകെയുള്ളത്. ഇതിൽ മൂന്നെണ്ണം ഒഴിഞ്ഞു കിടക്കുകയാണ്. അവിടെ താമസക്കാരൊന്നും ഇല്ലായിരുന്നു എന്നാണ് സമീപത്തുള്ളവർ പറയുന്നത്. ആരെങ്കിലും അവിടേക്ക് ഈ ദിവസങ്ങളിൽ വന്നിട്ടുണ്ടോ എന്നും ജോലിക്കാർ ആരെങ്കിലും അവിടെ ഉണ്ടായിരുന്നോ എന്നും പൊലീസ് അന്വേഷിച്ചുവരുന്നു. ഇവിടെ ഗർഭിണികളായി ആരും ഉണ്ടായിരുന്നതായി അറിയില്ലെന്ന് ആശാപ്രവർത്തക പൊലീസിനോട് പറഞ്ഞു. ഫ്ലാറ്റിൽ അസ്വാഭാവികമായി ആരെയും കണ്ടിട്ടില്ലെന്ന് സുരക്ഷാജീവനക്കാരനും മൊഴി നൽകി.

## മേഖല തിരിച്ച് വൈദ്യുതി നിയന്ത്രണം തുടങ്ങി; പാലക്കാട്ട് സർക്കുലർ പുറത്തിറക്കി

പാലക്കാട് : മേഖല തിരിച്ചുള്ള വൈദ്യുതി നിയന്ത്രണം ആരംഭിച്ച് കെഎസ്ഇബി. പാലക്കാട് ട്രാൻസ്മിഷൻ സർക്കിളിന് കീഴിലുള്ള പ്രദേശങ്ങളിൽ രാത്രി ഏഴിനും അർധരാത്രി ഒന്നിനും ഇടയിൽ ഇടവിട്ടായിരിക്കും നിയന്ത്രണം. ഇതുസംബന്ധിച്ച് പാലക്കാട് ഡപ്യൂട്ടി ചീഫ് എൻജിനീയർ സർക്കുലർ പുറത്തിറക്കി.

അത്യുഷ്ണത്തെ തുടർന്നുണ്ടായ അമിത വൈദ്യുതി ഉപഭോഗത്തിൽ 220 കെ.വി. മാടക്കത്തറ ഷൊർണൂർ, 110 കെ.വി. വെണ്ണക്കര മണ്ണാർക്കാട്, ഷൊർണൂർ എടപ്പാൾ, പാലക്കാട് കൊല്ലങ്കോട് ലൈനുകൾ കഴിഞ്ഞ ഏതാനും ദിവസങ്ങളിലായി വൈകിട്ട് 7 മുതൽ പുലർച്ചെ 1 വരെ താങ്ങാവുന്ന ശേഷിയിലധികം ലോഡ് ആകുന്ന അവസ്ഥയുണ്ട്.

അതിനാൽ പാലക്കാട് ട്രാൻസ്മിഷൻ സർക്കിളിൽ വരുന്ന പത്തിരിപ്പാല, ഒറ്റപ്പാലം, ഷൊർണൂർ, ചെർപ്പുളശ്ശേരി തുടങ്ങിയ സബ് സ്റ്റേഷനുകളിൽ നിന്ന് ലോഡ് നിയന്ത്രണം ഉണ്ടാകാൻ സാധ്യതയുണ്ട്. ഈ സമയത്ത് വൈദ്യുതി ഉപഭോഗം പരമാവധി ഒഴിവാക്കി സഹകരിക്കണമെന്നു പാലക്കാട് കെഎസ്ഇബി ഡപ്യൂട്ടി ചീഫ് എൻജിനീയർ അറിയിച്ചു.

വൈദ്യുതി ഉപഭോഗം കൂടുന്ന സർക്കിളുകളിൽ മേഖല തിരിച്ചുള്ള വൈദ്യുതി നിയന്ത്രണം നടപ്പാക്കാനുള്ള നിർദേശം ചീഫ് എൻജിനീയർമാർക്ക് കെഎസ്ഇബി നൽകിയിട്ടുണ്ട്. അതിന്റെ ഭാഗമായിട്ടാണ് ആദ്യ സർക്കുലർ ഇറങ്ങിയിരിക്കുന്നത്.

ഇതിനുപുറമേ സംസ്ഥാന വ്യാപകമായ ചില മാർഗനിർദേശങ്ങളും കെഎസ്ഇബി ഇറക്കിയിട്ടുണ്ട്. വൻകിട വ്യവസായ സ്ഥാപനങ്ങൾ രാത്രി പത്തുമണിക്കും രണ്ടുമണിക്കും ഇടയിൽ വൈദ്യുതി ഉപയോഗം കുറയ്ക്കണം എന്നുള്ളതാണ് അതിൽ പ്രധാനം. വാണിജ്യ സ്ഥാപനങ്ങൾ അലങ്കാരവിളക്കുകളും പരസ്യ ബോർഡുകളും രാത്രി ഒൻപതുമണിക്ക് ശേഷം അണയ്ക്കണം, ഗാർഹിക ഉപയോക്താക്കൾ എസി 26 ഡിഗ്രിക്ക് മുകളിൽ ക്രമീകരിക്കാനും നിർദേശമുണ്ട്.

## എസ്ജി കമാൻഡോകൾക്കുനേരെ വെടിവയ്പ്; നാല് മാവോയിസ്റ്റുകൾക്കെതിരെ എൻഐഎ കുറ്റപത്രം

കൽപറ്റ : വയനാട് മാനന്തവാടി തലപ്പുഴയിൽ സ്പെഷൽ ഓപറേഷൻസ് ഗ്രൂപ്പ് (എസ്ഒജി) കമാൻഡോകൾക്കുനേരെ വെടിവയ്പ് നടത്തിയ കേസിൽ നാല് മാവോയിസ്റ്റ് പ്രവർത്തകർക്കെതിരെ ദേശീയ അന്വേഷണ ഏജൻസി (എൻഐഎ) കുറ്റപത്രം സമർപ്പിച്ചു. വെടിവയ്പിനു പിന്നാലെ പിടിയിലായ ചന്ദ്രു (തിരുവെങ്കിടം, ചന്തു), ശ്രീമതി ( ഉണ്ണിമായ, ഉണ്ണി) എന്നിവർക്കെതിരെയും ഒളിവിൽ പോയ ലത (മീര), സുന്ദരി (ജെന്നി ) എന്നിവർക്കുമെതിരെയാണ് എൻഐഎ കുറ്റപത്രം സമർപ്പിച്ചത്.

2023 നവംബർ ഏഴിന് എസ്ഒജി സംഘം പേര്യയിൽ പരിശോധന നടത്തുന്നതിനിടെയാണ് വെടിവയ്പ്പുണ്ടായത്. ഒരു വീട്ടിൽ മാവോയിസ്റ്റുകൾ ഉണ്ടെന്ന വിവരത്തെ തുടർന്നാണ് സംഘം ഇവിടെ എത്തിയത്. തുടർന്ന് വെടിവയ്പ്പുണ്ടാകുകയായിരുന്നു.

2024 ഫെബ്രുവരി പത്തിനാണ് കേരളാ പൊലീസിൽനിന്ന് എൻഐഎ അന്വേഷണം ഏറ്റെടുത്തത്. ഒളിവിൽ പോയവരെക്കുറിച്ചു വിവരം നൽകുന്നവർക്ക് 10 ലക്ഷം രൂപ പാരിതോഷികം പ്രഖ്യാപിച്ചിട്ടുണ്ട്.

## ദക്ഷിണ റെയിൽവേ വരുമാനത്തിൽ മുന്നിൽ ചെന്നൈ സെൻട്രൽ റെയിൽവേ സ്റ്റേഷൻ

കോയമ്പത്തൂർ: കഴിഞ്ഞ സാമ്പത്തിക വർഷം (202324) ദക്ഷിണ റെയിൽവേയിൽ ഏറ്റവും കൂടുതൽ വരുമാനമുണ്ടാക്കുന്ന 100 സ്റ്റേഷനുകളുടെ പട്ടിക പ്രസിദ്ധീകരിച്ചു. 1216 കോടി വരുമാനവുമായി ചെന്നൈ സെൻട്രൽ റെയിൽവേ സ്റ്റേഷൻ ഒന്നാം സ്ഥാനത്തും 564 കോടി വരുമാനവുമായി എഗ്മോർ റെയിൽവേ സ്റ്റേഷൻ രണ്ടാം സ്ഥാനത്തുമാണ്. 325 കോടി രൂപ വരുമാനവുമായി കോയമ്പത്തൂർ റെയിൽവേ സ്റ്റേഷനാണ് മൂന്നാം സ്ഥാനം.

കോയമ്പത്തൂർ, തിരുവനന്തപുരം, എറണാകുളം, മധുര റെയിൽവേ സ്റ്റേഷനുകൾക്കു പിന്നാലെ റവന്യു ലിസ്റ്റിലുണ്ട്.

കോയമ്പത്തൂരിലെ രണ്ട് റെയിൽവേ സ്റ്റേഷനുകളായ ബോത്തനൂർ, വടകോബായ് എന്നിവ ഇപ്പോൾ നവീകരിക്കുന്നുണ്ടെങ്കിലും കോയമ്പത്തൂർ റെയിൽവേ സ്റ്റേഷനിൽ അധിക അറ്റകുറ്റപ്പണി സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്ന ആവശ്യവും യാത്രക്കാരുടെ ഭാഗത്തിനിന്ന് ഉയർന്നിട്ടുണ്ട്.

# ടൂറിസത്തിൻറെ സാധ്യതകളിൽ ചിറകുവിരിക്കാൻ ഇരിട്ടി

ഇരിട്ടി: ടൂറിസത്തിൻറെ സാധ്യതകളിൽ ചിറകുവിരിക്കാൻ ഇരിട്ടി. പ്രതീക്ഷകൾ പങ്കുവച്ച് നഗരസഭ ഒരുക്കിയ ടൂറിസം ശില്പശാലയിൽ ഉരുത്തിരിഞ്ഞത് ചെറുതും വലുതുമായ ഒട്ടേറെ പദ്ധതികൾ. പഴശി പദ്ധതി ഭാഗമയ പായംമുക്ക് കടവ് മുതൽ ഇരിട്ടി തോണിക്കടവ്, ഇരിട്ടി ടൗൺ, നേരമ്പോക്ക്, വടക്കേക്കര, വള്ള്യാട് സഞ്ജീവനി ഔഷധ ഉദ്യാനം, അകംതുരുത്തി ദ്വീപ്, എടക്കാനം വ്യൂ പോയിൻറ്, പഴശി ഡാം സൈറ്റ് വരെയുള്ള ഇരുപത് കിലോമീറ്ററിലധികം ദൂരത്തിൽ ഇടവിട്ട് നടപ്പാക്കാവുന്ന പദ്ധതി നിർദേശങ്ങൾ ശില്പശാലയിൽ ഉയർന്നു.

വട്ടത്തോണി മുതൽ സോളാർ ബോട്ട് വരെയുള്ള ജല ടൂറിസം സംരംഭങ്ങൾ, ചെറുതും വലുതുമായ ഉദ്യാനങ്ങൾ, വടക്കേക്കരയിൽ ഇക്കൊ പാർക്ക്, അകം തുരുത്തിയിൽ ബട്ടർഫ്ലൈ പാർക്ക്, റോപ്‌വേ, ആയുർവേദ റിട്രീറ്റ് സെൻറർ, ഔഷധ ചെടികളുടെ പഠന കേന്ദ്രം, നക്ഷത്ര വനം എന്നീ പദ്ധതികൾ പഴശി പദ്ധതി അധികൃതരുടെ അനുമതി നേടി നടപ്പാക്കാൻ ശില്പശാലയിൽ തീരുമാനിച്ചു. വള്ള്യാട് വഴിയോര കേന്ദ്രങ്ങളിൽ സൗരോർജ വിളക്കുകളും ഇരിപ്പിടങ്ങളും സജ്ജമാക്കി പഴശി ഡാമിലേക്കുള്ള പ്രധാനപാത പ്രകാശപൂരിതമാക്കാനും തീരുമാനമായി.

രണ്ട് മാസത്തിനകം പദ്ധതികളുടെ രൂപരേഖ തയാറാക്കാനും പദ്ധതി ചെലവ് കണക്കാക്കിയുള്ള എസ്റ്റിമേറ്റും പ്ലാനും തയാറാക്കി വിനോദ സഞ്ചാരജലവിഭവ മന്ത്രിമാർക്കും മുഖ്യമന്ത്രിക്കും സമർപ്പിച്ച് അനുമതി നേടാനും ശില്പശാല തീരുമാനിച്ചു.

ഇരിട്ടി ഹരിത ടൂറിസം; തുടർ പ്രവർത്തനങ്ങൾസംബന്ധിച്ച നിർദേശങ്ങൾ

പവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകാൻ കമ്മറ്റി രൂപീകരികരിച്ചു.

ടൂറിസം, ഇറിഗേഷൻ, സോഷ്യൽ ഫോറസ്ട്രി, ലാൻഡ് സർവേ, ഹരിത കേരളം മിഷൻ, നഗരസഭ ഉദ്യോഗസ്ഥരുടെ സംയുക്ത യോഗം ഉടൻ ചേരും.

ടോട്ടൽ സ്റ്റേഷൻ മെഷീൻ ഉപയോഗിച്ച് കോണ്ടൂർ സർവേ നടത്തും.

പാർക്കുകൾ രൂപകല്പന ചെയ്യാൻ എം. പാനൽ അംഗീകാരമുള്ള ആർക്കിടെക്ടിനെ കണ്ടെത്തും.

പ്രോജക്ട് റിപ്പോർട്ട് ഡിപിആർ പരമാവധി മൂന്ന് മാസത്തിനകം തയാറാക്കും

വിശദമായ നിവേദനം തയാറാക്കി ഇറിഗേഷൻ, ടൂറിസം മന്ത്രിമാർക്കും ഉന്നത ഉദ്യോഗസ്ഥർക്കും നല്കും.

2024 സെപ്റ്റംബറിൽ നഗരസഭയുടെയും വിനോദ സഞ്ചാര വകുപ്പ് എന്നിവയുടെ നേതൃത്വത്തിൽ ഇരിട്ടി ടൂറിസം നിക്ഷേപ സംഗമം.

2024 ഡിസംബർ മുതൽ ഫെബ്രുവരി വരെ ഇരിട്ടി ടൂറിസം മേള നഗരസഭയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കും.

# അപകടത്തിൽ മരിച്ചവർക്ക് കണ്ണീരിൽ കുതിർന്ന യാത്രാമൊഴി

ഭീമനടി: ചെറുകുന്ന് പുന്നച്ചേരിയിൽ കാർ ലോറിയുമായി കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ മരിച്ചവർക്ക് കണ്ണീരിൽ കുതിർന്ന യാത്രാമൊഴി.കാർഓടിച്ചിരുന്ന കാലിച്ചാനടുക്കം ശാസ്താംപാറ ശ്രീശൈലത്തിൽ കെ.എൻ.പദ്മകുമാർ (59), ഒപ്പമുണ്ടായിരുന്ന മണ്ഡപം കമ്മാടത്തെ ചൂരിക്കോട്ട് സുധാകരൻ (49), ഭാര്യ കരിവെള്ളൂർ പുത്തൂർ സ്വദേശിനി അജിത (39), അജിതയുടെ പിതാവ് പുത്തൂരിലെ കൊഴുമ്മൽ കൃഷ്ണൻ (61), അജിതയുടെ സഹോദരൻ അജിത്തിൻറെ മകൻ ആകാശ് (ഒമ്പത്) എന്നിവരാണ് മരിച്ചത്.

കോഴിക്കോട് സിഎ കോഴ്സിന് പഠിക്കുന്ന മകൻ സൗരവിനെ ഹോസ്റ്റലിലാക്കി കുടുംബാംഗങ്ങൾക്കൊപ്പം തിരിച്ചുവരികയായിരുന്നു സുധാകരനും അജിതയും.

പിന്നിലുണ്ടായിരുന്ന മറ്റൊരു ലോറി കാറിൽ ഇടിച്ചതിനെ തുടർന്ന് കാർ നിയന്ത്രണം വിട്ട് എതിരെ വരികയായിരുന്ന ഗ്യാസ് സിലിണ്ടർ കയറ്റിവന്ന ലോറിയിൽ ഇടിക്കുകയായിരുന്നുവെന്നാണ് വിവരം. കാറിൻറെ ഒരു ഭാഗം ലോറിക്കടിയിലേക്ക് കയറിപ്പോയ നിലയിലായിരുന്നു. നാട്ടുകാരും കണ്ണപുരം പോലീസും അഗ്നിരക്ഷാ സേനയും കാർ വെട്ടിപ്പൊളിച്ചാണ് ഉള്ളിലുണ്ടായിരുന്നവരെ പുറത്തെടുത്തത്.

കരിവെള്ളൂർ പുത്തൂർ സ്കൂളിലെ പൊതുദർശനത്തിന് ശേഷമാണ് സുധാകരൻറെയും അജിതയുടെയും മൃതദേഹങ്ങൾ കമ്മാടത്തേക്ക് കൊണ്ടുവന്നത്. കോടംകല്ല് ജവഹർ വായനശാലയ്ക്കു മുന്നിൽ പൊതുദർശനത്തിന് ശേഷം ഇരുവരുടെയും മൃതദേഹങ്ങൾ വീട്ടുവളപ്പിൽ സംസ്കരിച്ചു.അജിതയുടെ പിതാവ് കൃഷ്ണൻ, സഹോദര പുത്രൻ ആകാശ് എന്നിവരുടെ മൃതദേഹങ്ങൾ കരിവെള്ളൂർ പുത്തൂരിലെ വീട്ടുവളപ്പിലാണ് സംസ്കരിച്ചത്.കമ്മാടത്തെ പരേതനായ തമ്പാൻ നായർ തമ്പായി അമ്മ ദന്പതികളുടെ മകനായ സുധാകരൻ മണ്ണാട്ടിക്കവലയിൽ സ്വന്തമായി മില്ല് നടത്തിവരികയായിരുന്നു. നേരത്തേ ഭീമനടിയിലെ ടേസ്റ്റി ഫ്ലവർ മില്ലിൽ 15 വർഷത്തിലേറെ ജോലി ചെയ്തിരുന്നു. വ്യാപാരി വ്യവസായി ഏകോപന സമിതി ചിറ്റാരിക്കാൽ യൂണിറ്റംഗമായിരുന്നു. ഭാര്യ അജിത ഹരിത കർമസേന വെസ്റ്റ് എളേരി പഞ്ചായത്ത് സെക്രട്ടറിയായിരുന്നു. സഹോദരങ്ങൾ: മോഹനൻ, സുമതി. കമ്മാടം ഭഗവതി ക്ഷേത്രം മാതൃസമിതിയിലും കുടുംബശ്രീയിലും സജീവമായിരുന്നു. സൗരവ് ഇവരുടെ ഏക മകനാണ്.എം.രാജഗോപാലൻ എംഎൽഎ, മുൻ എംഎൽഎ കെ.പി.സതീഷ് ചന്ദ്രൻ, വെസ്റ്റ് എളേരി പഞ്ചായത്ത് പ്രസിഡൻറ് ഗിരിജ മോഹനൻ, ഈസ്റ്റ് എളേരി പഞ്ചായത്ത് പ്രസിഡൻറ് ജോസഫ് മുത്തോലി, കുന്നുംകൈ സെൻറ് സെബാസ്റ്റ്യൻ പള്ളി വികാരി ഫാ.ജോജി ചക്കനാനി എന്നിവർ അന്തിമോപചാരമർപ്പിക്കാൻ എത്തിയിരുന്നു.

അപകടത്തിൽ മരിച്ച കെ.എൻ.പദ്മകുമാറിൻറെ മൃതദേഹം സ്വദേശമായ കാലിച്ചാനടുക്കത്ത് പൊതുദർശനത്തിനു ശേഷം മുള്ളേരിയ കാടകത്തെ കുടുംബവീട്ടിലെത്തിച്ച് സംസ്കരിച്ചു. പരേതനായ ആർ.നാരായണപിള്ളയുടെയും പദ്മിനിയുടെയും മകനാണ്. ഭാര്യ: രാധാമണി. മക്കൾ: ശൈലനാഥ്, ശൈലശ്രീ. സഹോദരങ്ങൾ: ഗീതാമണി (വെളിയന്നൂർ, കൂത്താട്ടുകുളം), ബിന്ദു എൻ.നായർ (കാലിച്ചാനടുക്കം).

# കനത്ത വേനലിൽ വാഴകൾ ഒടിഞ്ഞ് വീഴുന്നു; കണ്ണീർ കയത്തിൽ കർഷകർ

മുക്കം: വേനൽ കനത്തതോടെ ജില്ലയിലെ വാഴ കർഷകർ ദുരിതത്തിൽ. വേനൽ കനത്തതോടെ വ്യാപകമായി വാഴകൾ ഒടിഞ്ഞു വീഴുന്നതിനൊപ്പം വിലകുറയുകയും ചെയ്തതോടെ വലിയ പ്രതിസന്ധിയിലാണ് കർഷകർ.

ജില്ലയുടെ കിഴക്കൻ മേഖലയിൽ കാരശേരിയിൽ മാത്രം നിരവധി കർഷകരുടെ വാഴയാണ് നശിച്ചത്. ദിവസവും രണ്ടുനേരം വെള്ളം പമ്പ് ചെയ്ത് നനച്ചിട്ടും കനത്ത ചൂട് കാരണം വാഴകൾ ഒടിഞ്ഞുവീണ് നശിക്കുകയാണ്. കുലച്ച് വിളവെടുക്കാനായ വാഴകളാണ് ഇത്തരത്തിൽ ഒടിയുന്നത്. വേനൽ മഴ ലഭിക്കാതായതോടെ തോടുകൾ വറ്റി വരളുകയും പുഴയിലെ ജലനിരപ്പ് താഴുകയും ചെയ്തതോടെ കർഷകർ തോടുകളിലെ മണ്ണെടുത്ത് നീക്കി വെള്ളം പമ്പ് ചെയ്താണ് വാഴ നനക്കുന്നത്. ഇത്തരത്തിൽ നനച്ച് വളർത്തിയ വാഴ വിളവെടുത്ത് വിപണിയിൽ എത്തിയാൽ തുച്ഛമായ വിലയാണ് ലഭിക്കുന്നത്.

കഴിഞ്ഞ വിഷുവിന് 45 രൂപ വരെ ലഭിച്ച പച്ചക്കായക്ക് 27 രൂപമാത്രമാണ് ഇപ്പോൾ വില.ഈ വിലക്ക് പച്ചക്കായ വിൽക്കാൻ എത്തിയാൽ ആർക്കും വേണ്ടാത്ത സാഹചര്യമാണുള്ളതെന്നും കാലാവസ്ഥാ വ്യതിയാനം മൂലം പച്ചക്കായ പുക വെച്ചിട്ടു പോലും പഴുക്കാത്ത സാഹചര്യമാണെന്നും പ്രദേശത്തെ വരൾച്ചാ ബാധിത പ്രദേശമായി സർക്കാർ പ്രഖ്യാപിക്കണമെന്നുമാണ് കർഷകരുടെ ആവശ്യം.

എന്നാൽ മാത്രമേ കർഷകന് ഇൻഷ്വറൻസ് ഉൾപ്പടെയുള്ള നഷ്ടപരിഹാരം ലഭിക്കുകയുള്ളുവെന്നും കർഷകർ പറയുന്നു. വാഴകൾക്ക് മറ്റ് രോഗങ്ങളും ബാധിക്കുന്നുണ്ടെന്നും ലക്ഷങ്ങൾ പാട്ടം കൊടുത്തും ലോണെടുത്തും ഇറക്കുന്ന കൃഷി വൻതോതിൽ നശിക്കുന്നതോടെ വലിയ നഷ്ടമാണ് കർഷകന് ഉണ്ടാവുന്നതെന്നും കാരശേരിയിലെ കർഷകനായ രജീഷ് പറഞ്ഞു.പ്രശ്നം എംഎൽഎ ഉൾപ്പടെയുള്ളവരുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ടെന്നും സർക്കാർ കർഷകർക്ക് അനുകൂലമായ നടപടി സ്വീകരിക്കുമെന്നാണ് പ്രതീക്ഷയെന്നും കർഷകർ പറയുന്നു.

# നിലമ്പൂരിലെ റെയിൽവേ അടിപ്പാത നിർമാണം: വൺവേ സംവിധാനം ഏർപ്പെടുത്തണമെന്ന്

നിലമ്പൂർ: നിലമ്പൂർ റെയിൽവേയുടെ അടിപ്പാത നിർമാണത്തിനായി റെയിൽവേ സ്റ്റേഷന് മുന്നിലെ റോഡ് അടച്ചതിനാൽ ബദൽ സംവിധാനമായ ലിങ്ക് റോഡുകളിൽ വൺവേ സംവിധാനം ഏർപ്പെടുത്തുന്നതിനും വാഹനങ്ങൾ തിരിച്ച് വിടുന്നതിനു അടയാള ബോർഡുകൾ സ്ഥാപിക്കണമെന്നും ഓൾ കേരള ബസ് ഓപറേറ്റേഴ്സ് ഓർഗനൈസേഷൻ നിലമ്പൂർ താലൂക്ക് കമ്മിറ്റി അധികൃതരോട് അഭ്യർഥിച്ചു.

റോഡ് തിരിച്ച് വിടുന്ന ഭാഗത്ത് താത്കാലിക ജീവനക്കാരെ നിയമിക്കണമെന്നും യോഗം ആവശ്യപ്പെട്ടു.ഇതു സംബന്ധിച്ച് ജില്ലാ കളക്ടർ, നിലമ്പൂർ ജോയിൻറ് ആർടിഒ, നിലമ്പൂർ സ്റ്റേഷൻ ഹൗസ് ഓഫീസർ എന്നിവർക്ക് നിവേദനം നൽകി.റെയിൽവേ ഗേറ്റിനടുത്തും സമീപ പ്രദേശങ്ങളായ സ്ഥലങ്ങളിലേക്കുമാണ് ബസുകളിൽ യാത്രക്കാർ അധികവും യാത്ര ചെയ്യുന്നത്. ഇതിനു വേണ്ടി ലിങ്ക് റോഡുകൾ ഉപയോഗിക്കാമെന്നിരിക്കെ ഒരു വാഹനത്തിന് പോകാൻ കഴിയുന്ന വീതി കുറഞ്ഞ റോഡിൽ ഇടതടവില്ലാതെ വാഹനങ്ങൾ രണ്ടു ഭാഗത്തേക്കും നിയന്ത്രണമില്ലാതെ പോകുന്നതിനാൽ വാഹനങ്ങൾ കുരുക്കിൽപ്പെടുന്നുവെന്നും ബസുകൾ സമയത്തിന് പോകാൻ കഴിയാതെ ട്രിപ്പുകൾ മുടക്കേണ്ടതായ സ്ഥിതിയാണെന്നും ഭാരവാഹികൾ പറഞ്ഞു.ഈ റൂട്ടിൽ 40 ബസുകൾ നൂറിലധികം ട്രിപ്പുകൾ സർവീസ് നടത്തുന്നുണ്ടെന്നും നിവേദനത്തിൽ പറഞ്ഞു. പൂക്കോട്ടുംപാടത്ത് നിന്നു നിലമ്പൂർ ഭാഗത്തേക്ക് വരുന്ന ബസുകളും മറ്റു വാഹനങ്ങളും കൂറ്റമ്പാറയിൽ നിന്നു ഇടത്ത്ഭാഗം തിരിഞ്ഞു രാമംകുത്ത് വഴി റെയിൽവേ ഭാഗത്ത് ഇറങ്ങി മുക്കട്ട ജംഗ്ഷനിൽ വന്ന് നിലമ്പൂരിലേക്കും നിലമ്പൂരിൽ നിന്നു പൂക്കോട്ടുംപാടം ഭാഗത്തേക്ക് പോകുന്ന ബസുകൾ മുക്കട്ട ജംഗ്ഷനിൽ നിന്നു കരുളായി റോഡിലൂടെ വല്ലപ്പുഴ പയ്യമ്പള്ളി റോഡ് വഴി ഡിപ്പോ ഭാഗം റോഡിൽ ഇറങ്ങി പൂക്കോട്ടുംപാടം ഭാഗത്തേക്കും പോകുന്നതിന് ഈ രണ്ടു ഭാഗം റോഡുകൾ വൺവേ ആക്കിയാൽ മാത്രമേ തടസമില്ലാതെ പോകാനും വരാനും സാധിക്കുകയുള്ളൂവെന്നും ഓൾ കേരള ബസ് ഓപറേറ്റേഴ്സ് ഓർഗനൈസേഷൻ നിലമ്പൂർ താലൂക്ക് കമ്മിറ്റി നിവേദനത്തിൽ ചൂണ്ടിക്കാട്ടി.ബസ് ഓപറേറ്റേഴ്സ് ഓർഗനൈസേഷൻ ജില്ലാ പ്രസിഡൻറ് മുസ്തഫ കളത്തുംപടിക്കൽ അധ്യക്ഷത വഹിച്ചു.നിയാസ് ചാലിയാർ, ഷൗക്കത്തലി ഉള്ളാട്ട് പറമ്പൻ, കെ.ടി. മെഹബൂബ്, ബാബു മമ്പാട്, അറക്കൽ ഷെമീർ ബാബു, ജലീഷ് മോനുട്ടൻ, പി.ടി. ഷിഹാസ് ബാബു എന്നിവർ പ്രസംഗിച്ചു.

# ജലക്ഷാമം രൂക്ഷമാക്കിയത് തടയണകൾ നിർമിക്കാത്തതിനാലെന്ന് പരാതി

കരുവാരകുണ്ട്: മുമ്പെങ്ങുമില്ലാത്ത വിധം പുഴകൾ വറ്റിവരണ്ട് ജലക്ഷാമം രൂക്ഷമാകാൻ പ്രധാന കാരണം തടയണുകൾ നിർമിക്കാത്തതിനാലെണെന്ന് പരാതി.

ജലസമൃദ്ധിയുടെ നാടെന്ന് പേരുകേട്ട മലയോര മേഖലയായ കരുവാരകുണ്ട് അതിരൂക്ഷമായ വരൾച്ചയാണ് നേരിടുന്നത്. പ്രധാന ജലസ്രോതസുകളായ ഒലിപ്പുഴയും കല്ലൻപുഴയും വറ്റിവരണ്ടിരിക്കുകയാണ്. അരുവികളും ചോലകളും നേരത്തെ തന്നെ വറ്റിയിരുന്നു. സാധാരണ പുഴ മുഴുവനായും വറ്റി വരളാറില്ല.

ചെറിയതോതിൽ നീരൊഴുക്കും തടയണ കെട്ടിനിർത്തുന്നയിടങ്ങളിൽ വെള്ളക്കെട്ടും ഉണ്ടാവാറുണ്ട്. എന്നാൽ ഇക്കൊല്ലം പുഴ മുഴുവനായും വറ്റി വരണ്ട നിലയിലായി. വേനൽ ആരംഭത്തിൽ തന്നെ പുഴയിൽ വിവിധ ഭാഗങ്ങളിൽ തടയണകൾ നിർമിക്കൽ പതിവായിരുന്നു. ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ നേതൃത്വത്തിലാണ് ഇത്തരം തടയണകൾ നിർമിക്കാറ്. ഇതിനായി പ്രത്യേകം ഫണ്ടും വകയിരുത്താറുണ്ട്.

എന്നാൽ ഇക്കൊല്ലം തടയണകൾ നിർമിക്കാത്തതാണ് ജലക്ഷാമം രൂക്ഷമാക്കിയതെന്നാണ് നാട്ടുകാർ പരാതിപ്പെടുന്നത്. പുഴകളിൽ എവിടെയും ഇക്കൊല്ലം തടയണകൾ നിർമിച്ചിട്ടില്ലെന്ന് നാട്ടുകാർ പറഞ്ഞു. മുൻ വർഷങ്ങളിൽ തടയണകൾ നിർമിച്ചത് കൊണ്ട് തന്നെ പുഴയിൽ വെള്ളം കെട്ടി നിന്നിരുന്നു. നാട്ടുകാർക്ക് കുളിക്കാനും കൃഷിയിടങ്ങൾ നനക്കുന്നതിനും വെള്ളം ഉപയോഗപ്പെടാറുണ്ട്.

മാത്രമല്ല പുഴകളിൽ വെള്ളം കെട്ടി നിൽക്കുന്നതുകൊണ്ട് പരിസര പ്രദേശങ്ങളിലെ കിണറുകളിൽ ജലനിരപ്പ് താഴാതിരിക്കുകയും ശുദ്ധജലക്ഷാമം അനുഭവപ്പെടാതിരിക്കുകയും ചെയ്യാറുണ്ട്. തടയണകൾ നിർമിക്കാത്തതിനാൽ പുഴകൾ വറ്റി വരണ്ടതോടെ പുഴയോരങ്ങളിലെ കിണറുകളിൽ പോലും വെള്ളം വറ്റിയിരിക്കുന്നു. ഇതോടെ മലയോരമേഖലയിലെ ഒട്ടുമിക്ക പ്രദേശങ്ങളിലുള്ളവരും കുടിവെള്ളത്തിനായി നെട്ടോട്ടമോടേണ്ട അവസ്ഥയാണ്.

പ്രളയത്തിന് ശേഷം പുഴകളിൽ വന്നടിഞ്ഞ ചെളിയും മണ്ണും മണലും കോരി ഒഴിവാക്കുന്ന പ്രക്രിയകൾ കാര്യക്ഷമമായി നടന്നിട്ടില്ലെന്നും നാട്ടുകാർ പറഞ്ഞു. പുഴകളിൽ നിന്ന് ചെളിയും മണ്ണും മണലും കോരി ഒഴിവാക്കി നീർച്ചാലുകളെങ്കിലും രൂപപ്പെടുന്ന അവസ്ഥയിലേക്ക് മാറ്റം വരുത്താൻ ഗ്രാമപഞ്ചായത്ത് അടിയന്തരമായി ഇടപെടണമെന്നും നാട്ടുകാർ ആവശ്യപ്പെട്ടു.

# ലൈസൻസിന് അപേക്ഷിച്ചവരുടെ ഡ്രൈവിംഗ് ടെസ്റ്റിനുള്ള സ്ലോട്ട് റദ്ദാക്കി; ആർടിഒ ഓഫീസിൽ പ്രതിഷേധവുമായി അപേക്ഷകർ

പെരിന്തൽമണ്ണ: സബ് റീജണൽ ട്രാൻസ്പോർട്ട് ഓഫീസിൽ ലൈസൻസിന് അപേക്ഷിച്ചവരുടെ ഡ്രൈവിംഗ് ടെസ്റ്റിനുള്ള സ്ലോട്ട് റദ്ദാക്കി. ഇതിനെ തുടർന്ന് ലൈസൻസിന് അപേക്ഷിച്ച വനിതകൾ ഉൾപ്പെടെയുള്ളവർ കൂട്ടമായി എത്തി ആർടിഒ ഓഫീസിൽ പ്രതിഷേധിക്കുകയും ജോയിൻറ് ആർടിഒക്ക് പരാതിയും നൽകി.കഴിഞ്ഞ ജനുവരി മാസം മുതൽ ഡ്രൈവിംഗ് ലൈസൻസിന് അപേക്ഷിച്ചവരുടെ ഡ്രൈവിംഗ് ടെസ്റ്റിനുള്ള സ്ലോട്ടാണ് റദ്ദാക്കിയത്. മെയ്, ജൂൺ, ജൂലൈ മാസങ്ങളിലേക്കാണ് സ്ലോട്ട് അനുവദിച്ചിരുന്നത്.അപേക്ഷകരുടെ മൊബൈൽ ഫോണുകളിൽ സ്ലോട്ട് റദ്ദായതായുള്ള മെസേജ് ലഭിക്കുകയായിരുന്നു. ഡ്രൈവിംഗ് ടെസ്റ്റിനുള്ള 1500 ഓളം അപേക്ഷകൾ റദ്ദ് ചെയ്തതായാണ് വിവരം. ഇവർക്കിനി ഡ്രൈവിംഗ് ടെസ്റ്റിന് അവസരം ലഭിക്കണമെങ്കിൽപുതുതായി അപേക്ഷ നൽകി കാത്തിരിക്കേണ്ട സ്ഥിതിയാണ്.ലൈസൻസ് എടുത്ത് വിദേശത്ത് പോകാൻ കാത്തിരുന്നവർ, വിദ്യാർഥികൾ ഉൾപ്പെടെയുള്ളവരുടെയടക്കം ടെസ്റ്റിനുള്ള അവസരം നഷ്ടപ്പെട്ടു. ലൈസൻസിന് അപേക്ഷിച്ചവരുടെ പരാതിയെ തുടർന്ന് ജോയിൻറ് ആർടിഒ മേൽ ഘടകങ്ങൾക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്. ദിവസവും120 പേർക്ക് ഡ്രൈവിംഗ് ടെസ്റ്റ് നടത്തിയിരുന്നത് മെയ് മാസം മുതൽ 50 പേർക്ക് മാത്രമാക്കി നിജപ്പെടുത്തിയിട്ടുണ്ട്.

# ശബരി എയർപോർട്ട് നിർമാണ സ്റ്റേ: സർക്കാരിനു മൗനം

കോട്ടയം: എരുമേലിയിൽ നിർദിഷ്ട ശബരി എയർപോർട്ട് നിർമാണം അനിശ്ചിതത്വത്തിൽ. സ്ഥലം ഏറ്റെടുക്കൽ വിജ്ഞാപനം ഹൈക്കോടതി സ്റ്റേ ചെയ്തതിനുശേഷം തുടർനടപടികൾക്ക് സർക്കാർ നീക്കം നടത്തുന്നില്ല. അഡ്വക്കറ്റ് ജനറൽ ഉൾപ്പെടെയുള്ളവരുമായി ചർച്ച നടത്തിയശേഷം വേണം സ്റ്റേ അഴിക്കാനുള്ള നടപടിയിലേക്ക് കടക്കാൻ.

441 കൈവശക്കാരുടെ 1000.28 ഹെക്ടർ ഏറ്റെടുക്കാനാണ് മാർച്ചിൽ സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചത്. ഉടമകൾക്ക് നോട്ടീസ് നൽകി സ്ഥലം അളന്ന് നഷ്ടപരിഹാരം നൽകി ഏറ്റെടുക്കാനുള്ള നടപടികൾക്കിടയിലാണ് സ്റ്റേ വന്നത്. ചെറുവള്ളി എസ്റ്റേറ്റിൻറെ കൈവശക്കാരായ ബിലീവേഴ്സ് ചർച്ചിന് കീഴിലുള്ള അയന ചാരിറ്റബിൾ ട്രസ്റ്റ് നൽകിയ ഹർജിയിലാണ് സ്റ്റേ. സാമൂഹികാഘാത പഠനം നടത്തിയതിലും ഭൂമിയുടെ ഉടമസ്ഥാവകാശം നിർണയിച്ചതും ചട്ടവിരുദ്ധമായാണെന്ന വാദം പരിഗണിച്ചാണ് അപ്രതീക്ഷിത നടപടിയുണ്ടായത്.ചെറുവള്ളി എസ്റ്റേറ്റിൻറെ ഉടമസ്ഥാവകാശം ചർച്ചിനോ സർക്കാരിനോ എന്നതിൽ പാലാ കോടതിയിൽ കേസ് നിലവിലുണ്ട്. സർക്കാറിന് ഉടമസ്ഥാവകാശമുള്ള ഭൂമി എന്ന പേരിലാണ് വിജ്ഞാപനമെന്നായിരുന്നു ഹർജിക്കാരുടെ വാദം. സാമൂഹിക ആഘാത പഠനം നടത്തിയ സെൻറർ ഫോർ മാനേജ്മെൻറ് ഡെവലപ്മെൻറ് സംസ്ഥാന സർക്കാറിന് കീഴിലുള്ള ഏജൻസിയാണെന്നും കേന്ദ്രസംസ്ഥാന ചട്ടങ്ങൾക്ക് വിരുദ്ധമാണിതെന്നും ഹർജിക്കാർ വാദിച്ചു.2005ൽ ബിലീവേഴ്സ് ചർച്ച് 2,263 ഏക്കർ എസ്റ്റേറ്റ് വാങ്ങിയതു മുതൽ എസ്റ്റേറ്റ് തട്ടിയെടുക്കാൻ രാഷ്ട്രീയതാത്പര്യമുള്ള ചിലർ നീക്കം നടത്തുന്നുണ്ട്. എരുമേലിക്കും ശബരിമലയ്ക്കും സമീപമുള്ള എസ്റ്റേറ്റിൽ സർക്കാരിനും രാഷ്ട്രീയ ബിനാമികൾക്കും താത്പര്യമുണ്ട്. സ്ഥലം ഏറ്റെടുക്കുമ്പോൾ പൊന്നുംവില നഷ്ടപരിഹാരം നൽകാനോ മൂവായിരം കോടി രൂപ മുടക്കി എയർപോർട്ട് പണിയാനോ സർക്കാരിനു പണമില്ല.എയർപോർട്ടിന് ആവശ്യമുള്ള 1800 ഏക്കറിനുശേഷം ബാക്കി സ്ഥലം ടൗൺഷിപ്പും സർക്കാർ ഓഫീസുകളും ഗസ്റ്റ് ഹൗസുകളും നിർമിക്കാനാണ് ആലോചന. ഉന്നത ഇടപെടലിൽ തന്ത്രപ്രധാനമായി ഈ സ്ഥലം ബിനാമികളുടെയും ഭൂമാഫിയകളും കൈകളിൽ എത്തിപ്പെടാനുള്ള സാധ്യതയുമുണ്ട്. ഇത്തരത്തിൽ വിവിധ വാദങ്ങളാണ് കോടതിയിൽ ഉന്നയിക്കപ്പെട്ടത്.

# മദ്യപസംഘം മാരകായുധങ്ങളുമായെത്തി അക്രമിച്ചതായി പരാതി

വണ്ടൂർ: മദ്യപിച്ചെത്തി സംഘർഷാവസ്ഥ സൃഷ്ടിച്ചവരെ പിടികൂടി പോലീസിൽ ഏൽപ്പിച്ച് 30 മിനിട്ട് കഴിഞ്ഞതോടെ അതേ സംഘം മാരകായുധങ്ങളുമായി വീണ്ടുമെത്തി ആക്രമിച്ചതായി നാട്ടുകാരുടെ പരാതി.വണ്ടൂർ പാലാമടത്താണ് കഴിഞ്ഞ ദിവസം രാത്രി സംഘർഷാവസ്ഥ ഉടലെടുത്തത്. അതേസമയം സംഭവവുമായി ബന്ധപ്പെട്ട് ഇതുവരെ പോലീസ് കേസെടുത്തിട്ടില്ലെന്നറിയുന്നു. കഴിഞ്ഞ ദിവസം വൈകുന്നേരം അഞ്ചുമണിയോടെയാണ് രണ്ടു വാഹനങ്ങളിലായി മദ്യം വാങ്ങാൻ എത്തിയവർ പാലാമടത്തു വച്ച് പരസ്പരം ഏറ്റുമുട്ടുകയും തുടർന്നു റോഡിലൂടെ അപകടകരമായ രീതിയിൽ വാഹനം ഓടിക്കുകയായിരുന്നു. റോഡിലുണ്ടായിരുന്ന പലരും അത്ഭുതകരമായാണ് രക്ഷപ്പെട്ടത്. തുടർന്നു നാട്ടുകാർ ഒത്തുകൂടി ഇവരെ പിടികൂടി തൊട്ടടുത്തുള്ള ക്ലബിലേക്ക് മാറ്റി പോലീസിനെ വിവരം അറിയിച്ചു.

പോലീസെത്തി പരിഭ്രാന്ത്രി സൃഷ്ടിച്ച നാലു പേരെ കസ്റ്റഡിയിലെടുത്തു. എന്നാൽ അരമണിക്കൂറിനുള്ളിൽ ഇതേ സംഘം കൂടുതൽ ആളുകളും മാരകായുധങ്ങളുമായി വീണ്ടുമെത്തി പാലാമടത്ത് ഉണ്ടായിരുന്നവർക്കെതിരേ ആക്രമിക്കുകയായിരുന്നുവെന്നും പ്രദേശവാസികൾ പറയുന്നു.

രാത്രി ഒമ്പതുമണിയോടെ പോലീസ് ഇവരെ കസ്റ്റഡിയിലെടുത്തു. മാരകായുധങ്ങളും പിടിച്ചെടുത്തിട്ടുണ്ട്. അതേസമയം നാട്ടുകാർ തങ്ങളെയാണ് മദിച്ചതെന്നാണ് അഞ്ചംഗ സംഘം പോലീസിനോട് പറഞ്ഞിട്ടുള്ളത്.

ഈ അഞ്ചു പേരെയും പോലീസ് താലൂക്ക് ആശുപത്രിയിൽ എത്തിച്ചു വൈദ്യ പരിശോധന നടത്തി. അതേസമയം നാട്ടുകാരായ രണ്ടുപേരും ആശുപത്രിയിൽ ചികിത്സ തേടിയിട്ടുണ്ട്.

# കാർഷികനിർമാണമേഖല പ്രതിസന്ധിയിൽ ; ഇതര സംസ്ഥാന തൊഴിലാളികൾ ഇടുക്കി വിടുന്നു

ചെറുതോണി: ഇതര സംസ്ഥാന തൊഴിലാളികളും ഇടുക്കിയെ ഉപേക്ഷിക്കുന്നു. കാർഷികനിർമാണ മേഖലയിൽ തൊഴിലാളി ക്ഷാമം രൂക്ഷമാകുന്നു. ഏറ്റവുമധികം പ്രതിസന്ധിയിലാകുന്നത് നിർമാണമേഖലയാണ്. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ തമിഴ്നാട്ടുകാർക്കു പുറമെ ബംഗാൾ, ഒാറീസ, ബീഹാർ തുടങ്ങിയ സംസ്ഥാനങ്ങളിൽനിന്നുള്ള തൊഴിലാളികളടക്കം നല്ലൊരു ശതമാനം പേരും ഇടുക്കി വിട്ടു.

തൊഴിലാളികളുടെ കുറവിൽ നിർമാണ പ്രവർത്തനം പൂർത്തിയാക്കുന്നതിൽ കാലതാമസമുണ്ടാകുകയാണ്. തെരഞ്ഞെടുപ്പിൻറെ പേരിൽ ഇടുക്കി വിട്ട നല്ലൊരു ശതമാനം തൊഴിലാളികളും പണിനിർത്തിയാണു പോയത്.

സ്ഥിരമായിട്ടുള്ള ജോലിക്കാർക്ക് താമസം, ഭക്ഷണം എന്നിവയ്ക്ക് പുറമേ രണ്ടു തവണ വീട്ടിൽ പോയിവരുന്നതിനുള്ള ട്രെയിൻ ടിക്കറ്റ് എന്നിവയും വേതനത്തിനു പുറമേ നൽകുന്നുണ്ട്. ഇത്രയൊക്കെയുണ്ടായിട്ടും ഇവരിൽ 20 ശതമാനം തൊഴിലാളികൾ മാത്രമാണ് ഇടുക്കിയിൽ അവശേഷിക്കുന്നത്. നിർമാണമേഖല 50 ശതമാനത്തോളം യന്ത്രവത്കരിക്കപ്പെട്ടു കഴിഞ്ഞുവെങ്കിലും തൊഴിലാളികൾ ഇല്ലാതെ നിർമണപ്രവർത്തനങ്ങളൊന്നും നടക്കില്ല.

സ്വന്തം നാട്ടിൽ തൊഴിലുറപ്പു പദ്ധതി വ്യാപകമാവുകയും റേഷൻ തുടങ്ങി വീട്ടിലേക്കു വേണ്ടതെല്ലാം സൗജന്യമായി കിട്ടുകയും ചെയ്യാൻ തുടങ്ങിയതും തൊഴിലാളികൾ കേരളം വിടാൻ കാരണമായി. തൊഴിലാളികളെ കൂട്ടമായി പാർപ്പിച്ച് തൊഴിലുടമയ്ക്ക് വിതരണം ചെയ്യുന്ന ഇടനിലക്കാരുടെ ചൂഷണവും തൊഴിലാളികളെ കേരളം വിടാൻ പ്രേരിപ്പിക്കുന്നു.

ഇതിനു പുറമേ സ്വന്തം സംസ്ഥാനത്ത് ദേശീയ പാതകളുടെയും സൂപ്പർ ഹൈവേകളുടെയും നിർമാണങ്ങളടക്കമുള്ള ജോലികൾ വ്യാപകമായതും തൊഴിലാളികളെ സ്വന്തം നാട്ടിൽ ഉറപ്പിച്ചു നിർത്താൻ പ്രേരിപ്പിച്ചതായി കോൺഫെഡറേഷൻ ഓഫ് റിയൽ എസ്റ്റേറ്റ് ഡവലപ്പേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യ കേരള ചാപ്റ്റർ ഭാരവാഹികൾ പറയുന്നു.

എന്നാൽ, തൊഴിൽവകുപ്പിൽ ഇതുസംബന്ധിച്ച് വിവരങ്ങളൊന്നുമില്ല. കെട്ടിട നിർമാണ ക്ഷേമനിധി ബോർഡിൻറെ കീഴിൽ ഇതര സംസ്ഥാന തൊഴിലാളികൾക്കായി ക്ഷേമപദ്ധതി 2010 മുതൽ സർക്കാർ ഏർപ്പെടുത്തിയിരുന്നു. 10 കോടി രൂപ ഇതിലേക്കായി നീക്കിവച്ചെങ്കിലും നിസാര തൊഴിലാളികൾ മാത്രമാണ് ക്ഷേമ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്.

വരുംനാളുകളിൽ ഗുരുതരമായ തൊഴിലാളിക്ഷാമമാണു വരാൻ പോകുന്നത്. കഴിഞ്ഞ മൂന്നുമാസമായി ഹൈറേഞ്ചിലെ പല തോട്ടംമേഖലകളും തൊഴിലാളി ക്ഷാമം മൂലം പ്രതിസന്ധിയിലായിരിക്കുകയാണ്.ഇതര സംസ്ഥാന തൊഴിലാളികളെ ഇവിടെ പിടിച്ചുനിർത്തുന്നതിനുള്ള നടപടികൾ സർക്കാർ ഭാഗത്തുനിന്നുണ്ടാവണമെന്ന് കോൺട്രാക്ഴ്സ് അസോസിയേഷൻ ഭാരവാഹികളും ആവശ്യപ്പെട്ടു.

# ഭൂമിക്കടിയിലൂടെ വലിച്ച വൈദ്യുത കേബിൾ കത്തിപ്പോയി, ചൂടേറ്റു വാടി നഗരവാസികൾ

കൊച്ചി: അമിതവൈദ്യുതി പ്രസരണം താങ്ങാനാകാതെ ഭൂമിക്കടിയിലൂടെയുള്ള വൈദ്യുത കേബിളുകൾ കത്തിപ്പോയതിനെ തുടർന്ന് എറണാകുളം നോർത്ത് മേഖലയിൽ ഇന്നലെ പകൽ വൈദ്യുതി വിതരണം നിലച്ചു. ചൊവ്വാഴ്ച പുലർച്ചെ നാലേകാലോടെ നിലച്ച വൈദ്യുതി ബന്ധം രാത്രിയോടെയാണ് പുനഃസ്ഥാപിക്കാനായത്.വേനൽക്കാലത്തെ അമിത വൈദ്യുതി ഉപഭോഗമാണ് തുടർന്ന് ലോഡ് കൂടി ട്രാൻസ്ഫോർമറുകൾ ട്രിപ്പ് ആകുന്നതിന് പിന്നാലെയാണ് വൈദ്യുതി കേബിളുകൾ കത്തിപ്പോകുന്ന അസാധാരണ സംഭവങ്ങളും റിപ്പോർട്ട് ചെയ്യുന്നത്.പോൾ ആബ്രോ റോഡിലെ അഡ്വക്കേറ്റ് ജനറലിൻറെ വസതിക്കു മുന്നിലെ ട്രാൻസ്ഫോമറാണ് ഒരു ദിവസം മുഴുവൻ പണിമുടക്കി ജനജീവിതം ദുരിതപൂർണമാക്കിയത്. ട്രാൻസ്ഫോർമറിലേക്ക് വൈദ്യുതി എത്തിക്കുന്നതിനായി മണ്ണിനടിയിലൂടെ സ്ഥാപിച്ച ഹൈടെൻഷൻ കേബിളാണ് അമിത ലോഡിനെ തുടർന്ന് കത്തിപ്പോയത്.

ട്രാൻസ്ഫോർമർ ട്രിപ്പായതാകാമെന്ന ധാരണയിൽ ഉദ്യോഗസ്ഥരെത്തിയെങ്കിലും വൈദ്യുതി ബന്ധം പുനഃസ്ഥാപിക്കാനായില്ല. പിന്നീട് നടത്തിയ പരിശോധനയിലാണ് കേബിളുകൾ കത്തിയതാണെന്ന് കണ്ടെത്തിയത്.

ഗാന്ധിനഗറിൽ നിന്ന് ഈ മേഖലയിലെ വിദഗ്ധരെത്തി ഒരു പകൽ നീണ്ട അറ്റകുറ്റപ്പണികൾക്കൊടുവിലാണ് കേബിൾ മുറിച്ചു മാറ്റി പുതിയത് കൂട്ടിച്ചേർത്ത് വൈദ്യുതി ബന്ധം പുനഃസ്ഥാപിക്കാനായത്.

# യാത്രക്കാർക്ക് ദുരിതം; വേണാട് എക്സ്പ്രസ് എറണാകുളം ജംഗ്ഷൻ ഒഴിവാക്കൽ

ഏറ്റുമാനൂർ: വേണാട് എക്സ്പ്രസ് എറണാകുളം ജംഗ്ഷൻ ഒഴിവാക്കി സർവീസ് നടത്തുന്നതോടെ കോട്ടയം, ഏറ്റുമാനൂർ സ്റ്റേഷനുകളിൽനിന്ന് യാത്ര ചെയ്യുന്ന സ്ഥിരം യാത്രക്കാരുടെ യാത്ര ദുരിതമാകുമെന്ന് യാത്രക്കാർ. ഈ ദുരിതമകറ്റാൻ പാലരുവി എക്സ്പ്രസിനും വേണാടിനും ഇടയിൽ ഒരു മെമു വേണമെന്ന് യാത്രക്കാരുടെ സംഘടനയായ ഫ്രണ്ട്സ് ഓൺ റെയിൽസ് ആവശ്യപ്പെടുന്നു.

എറണാകുളം സൗത്ത് സ്റ്റേഷൻറെ ചുറ്റുവട്ടത്തായുള്ള അനേകം സ്ഥാപനങ്ങളിലും ഓഫീസുകളിലും ജോലി ചെയ്യുന്ന നൂറുകണക്കിന് ജീവനക്കാർക്ക് ബുദ്ധിമുട്ടാകുമെന്ന് ഫ്രണ്ട്സ് ഓൺ റെയിൽസ് ചൂണ്ടിക്കാട്ടുന്നു.എറണാകുളം ടൗണിൽ ഇറങ്ങി മെട്രോയിൽ കയറി ജംഗ്ഷനിലെത്തി ജോലി സ്ഥലത്തേക്ക് പോകാമെന്നു വച്ചാലും സമയത്ത് ജോലിസ്ഥലത്ത് എത്താനാകില്ല. വലിയ സാമ്പത്തിക നഷ്ടവുമുണ്ടാകും. കോട്ടയത്തുനിന്ന് എറണാകുളത്തേക്ക് സീസൺ ടിക്കറ്റിൽ ഒരു മാസത്തേക്ക് 270 രൂപ മുടക്കുന്ന യാത്രക്കാരൻ തൃപ്പൂണിത്തുറയിൽനിന്ന് മെട്രോയിൽ സൗത്തിലെത്താൻ 1440 രൂപ മുടക്കേണ്ടിവരും.

ഉച്ചയ്ക്ക്1.35നുള്ള 06769 എറണാകുളം കൊല്ലം മെമുവിനുശേഷം 6.15ന് മാത്രമാണ് കോട്ടയത്തേക്ക് ജംഗ്ഷനിൽ നിന്ന് സർവീസ് ഉണ്ടാകുക. നിലവിൽത്തന്നെ മെമുവിലെ തിരക്ക് അസഹനീയമാണ്. വേണാട് എറണാകുളം ജംഗ്ഷൻ ഒഴിവാക്കുമ്പോൾ മെമുവിലെ യാത്ര അതിദുരിതമാകും. 12 കോച്ചുകൾ മാത്രമുള്ള തിങ്ങിനിറഞ്ഞ മെമുവിൽ വേണാടിലെ യാത്രക്കാരെക്കൂടി ഉൾക്കൊള്ളാനാവില്ല.

രാവിലെ 6.58ന് കോട്ടയത്തുനിന്ന് പുറപ്പെടുന്ന പാലരുവി കഴിഞ്ഞാൽ ഒന്നരമണിക്കൂറിന് ശേഷമാണ് വേണാട് സർവീസ് നടത്തുന്നത്. ട്രെയിനിലെ തിരക്കുകൾക്ക് അടിസ്ഥാന കാരണം ഈ ഇടവേളയാണ്. പാലരുവിയ്ക്കും വേണാടിനും ഇടയിൽ മെമു വന്നാൽ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമാകുമെന്ന് ഫ്രണ്ട്സ് ഓൺ റെയിൽസ് പറയുന്നു.

പുതിയ ഒരു മെമു വന്നാൽ രാവിലെ 6.25ന് കോട്ടയത്തുനിന്നു പുറപ്പെടുന്ന 06444 കൊല്ലംഎറണാകുളം മെമുവിനുശേഷം കടുത്തുരുത്തി, കാഞ്ഞിരമറ്റം സ്റ്റേഷനുകളിൽനിന്നുള്ള യാത്രക്കാർക്കും കൂടി ആശ്വാസമാകും.

പുലർച്ചെ തിരുവനന്തപുരത്തുനിന്ന് കാസർഗോഡേക്ക് സർവീസ് നടത്തുന്ന വന്ദേഭാരത് കായംകുളം കടന്നുപോയശേഷം 6.50ന് കായംകുളത്തുനിന്ന് പുറപ്പെടുന്ന വിധം ഒരു മെമുവിൻറെ സമയക്രമം ചിട്ടപ്പെടുത്തിയാൽ യാതൊരു തടസങ്ങളും കൂടാതെ സർവീസ് നടത്താൻ സാധിക്കുമെന്ന് ഫ്രണ്ട്സ് ഓൺ റെയിൽസ് ഭാരവാഹി അജാസ് വടക്കേടം പറഞ്ഞു.

# വന്യമൃഗങ്ങളെ കൊല്ലാനുള്ള അധികാരം കർഷകർക്ക് നൽകണമെന്ന്

കൂരാച്ചുണ്ട്: റബർ തോട്ടങ്ങളിൽ ടാപ്പിംഗ് പ്രവർത്തിയിലേർപ്പെടുന്ന വരെ അക്രമിക്കുന്ന വന്യമൃഗങ്ങളെ കൊല്ലുന്നതിനുള്ള അധികാരം കർഷകർക്ക് നൽകണമെന്ന് എരപ്പാൻതോട് റബർ ഉത്പാദക സംഘത്തിൻറെ വാർഷിക ജനറൽബോഡി യോഗം പ്രമേയത്തിലൂടെ സർക്കാരിനോട് ആവശ്യപ്പെട്ടു.

ആർപിഐഎസ് സ്കീമിൽ ഇപ്പോൾ റബർ കൃഷിക്കാർക്ക് നൽകുന്ന സബ്സിഡി തുക കിലോയ്ക്ക് 180 രൂപയിൽ നിന്ന് 250 രൂപയാക്കി വർധിപ്പിക്കണമെന്നും യോഗം ആവശ്യപ്പെട്ടു. ഉദ്ഘാടനം കോഴിക്കോട് റബർ ബോർഡ് ഡെവലപ്പ്മെൻറ് ഓഫീസർ വി.ജി. സന്തോഷ് ഉദ്ഘാടനം നിർവഹിച്ചു. സംഘം പ്രസിഡൻറ് ജോർജ് ചിരട്ടവയലിൽ അധ്യക്ഷത വഹിച്ചു.

പുതിയ ഭാരവാഹികളായി ജോർജ് ചിരട്ടവയലിൽ (പ്രസിഡൻറ്), ജോയി കുര്യൻ മുട്ടുമുഖത്ത് (വൈസ് പ്രസിഡൻറ്) എന്നിവരെ തെരഞ്ഞെടുത്തു. ഫീൽഡ് ഓഫീസർ വി.എം. താജ് പദ്ധതി വിശദീകരണം നൽകി. വൈസ് പ്രസിഡൻറ് ജോയി കുര്യൻ മുട്ടുമുഖത്ത്, ദേവസ്യാച്ചൻ കൊച്ചുവീട്ടിൽ എന്നിവർ പ്രസംഗിച്ചു.

# ജനകീയ കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ പൊതുകുളം വൃത്തിയാക്കി

വണ്ടൂർ: വണ്ടൂർ പഞ്ചായത്ത് ഓഫീസിന് പിറകിൽ തച്ചുണ്ണിക്കുന്നിലെ അമ്പതോളം വരുന്ന യുവാക്കളും കുട്ടികളും അടങ്ങുന്ന സംഘം പഞ്ചായത്ത് കുളം വൃത്തിയാക്കി.

അഞ്ചു വർഷങ്ങൾക്കു മുമ്പാണ് അവസാനമായി കുളം വൃത്തിയാക്കിയത്. അതുകൊണ്ടുതന്നെ മൂന്നടിയോളം ഉയരത്തിൽ ചെളി കെട്ടിക്കിടക്കുന്നുണ്ടായിരുന്നു. ടൗൺപ്രദേശങ്ങളിലുള്ള കുട്ടികൾക്ക് നീന്തൽ പഠിക്കാനുള്ള ഏക ആശ്രയമായിരുന്നു ഈ കുളം . എന്നാൽ വർഷങ്ങളായി ക്ലീനിങ് പ്രവൃത്തി നടക്കാത്തതിനാൽ കുളം ഉപയോഗശൂന്യമായിരുന്നു.

പഞ്ചായത്ത് മുഖേന ക്ലീനിംഗ് പ്രവൃത്തി നടത്തണമെങ്കിൽ സമയം എടുക്കുമെന്ന നിർദേശം ലഭിച്ചതിനെ തുടർന്ന് മഴക്ക് മുൻപായി കുളം വൃത്തിയാക്കാൻ ജനകീയ കൂട്ടായ്മ തീരുമാനിച്ചത്. പ്രദേശവാസികളിൽ നിന്നും പ്രവാസികളിൽ നിന്നുമായി പിരിവെടുത്താണ് ഇതിനു വേണ്ട ഫണ്ട് കണ്ടെത്തിയത്.

വേനലവധിക്കാലമായതുകൊണ്ട് കൊച്ചുകുട്ടികളുടെ സാന്നിധ്യം ശ്രദ്ധേയമായി. ക്ലീനിംഗിന് ഒപ്പം മീൻ പിടിക്കാനും കുട്ടികൾ മുൻപന്തിയിൽ ഉണ്ടായിരുന്നു. മുഹസിൻ നാലകത്ത്, അജ്മൽ കുഴിക്കാടൻ, നവാസ് കുരിക്കൾ ,നിഷാദ് കുഴിക്കാടൻ, സുധീർ ബാബു എ.പി., ഷിബു തോപ്പിൽ, ജിൻസാജ് ആനങ്ങാടൻ, സുജിത്ത്.ടി, യദു.ഇ , അശ്വിൻ.ടി, വിനീഷ് .ടി, റിഷിൻ സി.എം എന്നിവർ പ്രവൃത്തികൾക്ക് നേതൃത്വം നൽകി.

# കർഷകരുടെ ഉത്പന്നങ്ങൾ നേരിട്ട് വിപണിയിലെത്തിക്കാൻ പദ്ധതി

നിലമ്പൂർ: കൃഷി കൂട്ടാധിഷ്ഠിത ഫാം പ്ലാൻ പദ്ധതിയുടെ ഭാഗമായി രൂപീകരിച്ച നിലമ്പൂർ ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ കർഷകരുടെ ഉത്പ്പന്നങ്ങൾ നേരിട്ട് സംഭരിച്ച് വിപണിയിലെത്തിക്കാൻ ഒരുങ്ങുന്നു.

202324 വർഷത്തിൽ പദ്ധതി വിഹിതമായി ലഭിച്ച അഞ്ചു ലക്ഷം രൂപക്ക് വാങ്ങിയ വാഹനത്തിലാണ് ഉത്പ്പന്നങ്ങൾ വിപണിയിലെത്തിക്കുക.

വാഹനം ഫ്ളാഗ്ഓഫ് ചെയ്തു നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് പി. പുഷ്പവല്ലി ഉദ്ഘാടനം ചെയ്തു ആദ്യവിൽപ്പന നടത്തി. പ്രസിഡൻറ് കെ.ടി. മാത്യു അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി വി.പി. മത്തായി, ബ്ലോക്ക് പഞ്ചായത്തംഗങ്ങളഗായ വാളപ്ര റഷീദ്, സി.കെ. സുരേഷ്, മറിയാമ്മ ജോർജ്, ഏലക്കാടൻ ബാബു, അനിജ സെബാസ്റ്റ്യൻ, സൂസമ്മ മത്തായി, എടക്കര പഞ്ചായത്ത് ഉപാധ്യക്ഷ ആയിഷക്കുട്ടി എന്നിവർ പ്രസംഗിച്ചു.

# കൂടരഞ്ഞിയിൽ റോഡ് കൈയേറി അനധികൃത തടയണ നിർമാണം

മുക്കം: കൂടരഞ്ഞി പഞ്ചായത്തിൽ പൊതുമരാമത്ത് റോഡ് കയ്യേറി അനധികൃത തടയണ നിർമാണം. കോഴിക്കോട് മലപ്പുറം ജില്ലകളിലൂടെ കടന്നു പോവുന്ന പൂവാറംതോട് നായാടം പൊയിൽ റോഡ് കയ്യേറിയാണ് അനധികൃത തടയണ നിർമാണം നടക്കുന്നത്.

സ്വാഭാവിക നീരുറവ തടഞ്ഞു നിർത്തിയാണ് അനധികൃതമായി തടയണ നിർമാണം നടക്കുന്നതെന്നും പഞ്ചായത്തിലെ പൂവാറം തോട് മേടപ്പറയിലെ ജാതിക്ക റിസോട്ട് ഉടമകളാണ് റോഡ് കയ്യേറി തടയണ നിർമിക്കുന്നതെന്നും നാട്ടുകാർ പറഞ്ഞു. ഇതു സംബന്ധിച്ച് നാട്ടുകാർ പഞ്ചായത്തിൽ പരാതി നൽകിയിട്ടുണ്ട്.

പത്ത് മീറ്റർ വീതിയുള്ള റോഡ് രണ്ട് മീറ്ററോളം റിസോട്ട് ഉടമകൾ കെട്ടിയെടുത്തിട്ടുണ്ട്. രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശമാണിത്. സ്വാഭാവിക നീരുറവ തടഞ്ഞു നിർത്തിയുള്ള തടയണ നിർമാണം കുടിവെള്ള ക്ഷാമം രൂക്ഷമാക്കും. നിർമാണത്തിനുള്ള കല്ല് ഇതേ പറമ്പിൽ നിന്നും അനധികൃതമായി പൊട്ടിച്ചെടുക്കുകയാണെന്നും നാട്ടുകാർ പറയുന്നു. നിർമാണം അനധികൃതമാണെന്ന് പഞ്ചായത്ത് പ്രസിഡൻറ് ആദർശ് ജോസഫ് പറഞ്ഞു.

റിസോട്ട് ഇപ്പോൾ പ്രവർത്തിക്കുന്നത് ലൈസൻസ് ഇല്ലാതെയാണ്. ലൈസൻസ് പുതുക്കുന്നതിന് ഫീസ് അടച്ചിട്ടുണ്ടെന്നും പുതുക്കി നൽകിയിട്ടില്ലെന്നും പഞ്ചായത്ത് പ്രസിഡൻറ് പറഞ്ഞു. അതേ സമയം കയ്യേറ്റം ഉടൻ പൊളിച്ചുമാറ്റുമെന്ന് റിസോട്ട് അധികൃതർ പറഞ്ഞു.

# കൂരാച്ചുണ്ടിൽ മഴക്കാല മുന്നൊരുക്ക യോഗം ചേർന്നു

കൂരാച്ചുണ്ട്: മഴക്കാലപൂർവ മുന്നൊരുക്കത്തിൻറെ ഭാഗമായി പഞ്ചായത്ത്, ആരോഗ്യ വകുപ്പ്, വ്യാപാര സംഘടനകളുടെയും സർവകക്ഷി യോഗം പഞ്ചായത്ത് ഹാളിൽ ചേർന്നു.

പഞ്ചായത്ത് പ്രസിഡൻറ് പോളി കാരക്കട അധ്യക്ഷത വഹിച്ചു. സ്ഥിരം സമിതി അംഗങ്ങളായ ഒ.കെ. അമ്മദ്, സിമിലി ബിജു, ഡാർളി ഏബ്രഹാം, മെമ്പർമാരായ വിൻസി തോമസ്, അരുൺ ജോസ്, വിജയൻ കിഴക്കേമീത്തൽ, ജെസി കരിമ്പനയ്ക്കൽ, സെക്രട്ടറി ഇ. ഷാനവാസ്, ഹെൽത്ത് ഇൻസ്പെക്ടർ അരവിന്ദൻ, ജെഎച്ച്ഐ ജയേഷ് കുമാർ, പയസ് വെട്ടിക്കാട്ട്, എ.കെ. പ്രേമൻ, സണ്ണി പാരഡൈസ്, പ്രബീഷ് തളിയോത്ത് എന്നിവർ പ്രസംഗിച്ചു.

# അതിജീവിതയുടെ കുടുംബം തെരുവിലേക്ക്: മനുഷ്യാവകാശ കമ്മീഷൻ കേസെടുത്തു

മലപ്പുറം: തേഞ്ഞിപ്പലം പോക്സോ കേസിൽ ജീവനൊടുക്കിയ അതിജീവിതയുടെ കുടുംബം വാടക നൽകാൻ കഴിയാത്തതിനാൽ തെരുവിലിറങ്ങേണ്ടി വരുമെന്ന പരാതിയിൽ മനുഷ്യാവകാശ കമ്മീഷൻ കേസെടുത്ത് അധികൃതർക്ക് നോട്ടീസയച്ചു. മലപ്പുറം വിമൻ ആൻറ് ചൈൽഡ് ഡെവലപ്പ്മെൻറ് ഓഫീസർ പരാതിയെ കുറിച്ച് അന്വേഷണം നടത്തി ഒരാഴ്ചക്കകം റിപ്പോർട്ട് സമർപ്പിക്കണണമെന്ന് കമ്മീഷൻ ആക്റ്റിംഗ് ചെയർപേഴ്സണും ജുഡീഷൽ അംഗവുമായ കെ. ബൈജുനാഥ് ആവശ്യപ്പെട്ടു.മൂന്നു വർഷമായി ഇവർ വാടക കെട്ടിടത്തിലാണ് താമസിക്കുന്നത്.പത്താം ക്ലാസിൽ പഠിക്കുന്ന മകനുമൊത്താണ് അതിജീവിതയുടെ ഉമ്മ താമസിക്കുന്നത്. ആരോഗ്യ കാരണങ്ങളാൽ ജോലിക്ക് പോകാൻ കഴിയുന്നില്ല.

അയൽ വീടുകളിൽ നിന്നും നൽകുന്ന ഭക്ഷണം കഴിച്ചാണ് ഇവർ ജീവിക്കുന്നത്. മകൾ ആത്മഹത്യ ചെയ്ത സമയത്ത് വീടും സ്ഥലവും നൽകുമെന്ന് അധികൃതർ വാഗ്ദാനം നൽകിയിരുന്നു. ദൃശ്യ മാധ്യമ വാർത്തയുടെ അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് നടപടി. കേസ് മേയ് 14 ന് തിരൂർ റസ്റ്റ് ഹൗസിൽ നടക്കുന്ന സിറ്റിംഗിൽ പരിഗണിക്കും.

# കുഴൽപ്പണം പിടികൂടി

പാണ്ടിക്കാട്: രേഖകളില്ലാതെ കടത്തിയ 16.83 ലക്ഷം കുഴൽപ്പണവുമായി യുവാവ് പാണ്ടിക്കാട് പോലീസിൻറെ പിടിയിൽ. വള്ളുവമ്പ്രം സ്വദേശി എടത്തൊടി ഷമീർ (38)ആണ് പിടിയിലായത്.

ജില്ലാ പോലീസ് മേധാവി എസ്. ശശിധരൻ, പെരിന്തൽമണ്ണ ഡിവൈഎസ്പി കെ.കെ. സജീവ് എന്നിവർക്ക് ലഭിച്ച രഹസ്യ വിവരത്തിൻറെ അടിസ്ഥാനത്തിൽ പാണ്ടിക്കാട് സ്റ്റേഷൻ ഹൗസ് ഓഫീസർ വിപിൻ കെ. വേണുഗോപാലും സംഘവും ഒറവംപുറംപാലത്തിന് സമീപം നടത്തിയ പരിശോധനയിലാണ് ഷമീർ പിടിയിലായത്.

പണത്തിൻറെ ഉറവിടം സംബന്ധിച്ച് പോലീസ് അന്വേഷണം ഊർജിതമാക്കി. എസ്എമാരായ മോഹൻദാസ്, ജയരാജൻ, എസ്സിപിഒമാരായ ഷൈലേഷ് ജോൺ, ഷമീർ, ഷൈജു, സിപിഒമാരായ രാജേഷ്, അരുൺ എന്നിവരാണ് അന്വേഷണ സംഘത്തിലുണ്ടായിരുന്നത്.

# ആശ്വാസമായി വേനൽമഴ: തൊടുപുഴയിൽ വെള്ളക്കെട്ട്

തൊടുപുഴ: ഇന്നലെ പെയ്ത വേനൽമഴ ചൂടിന് താത്കാലികാശ്വാസമായെങ്കിലും നഗരവാസികൾക്കും വ്യാപാരികൾക്കും ദുരിതമായി പതിവുപോലെ വെള്ളക്കെട്ട് രൂപപ്പെട്ടു. ഇന്നലെ വൈകുന്നേരം നാലരയോടെയാണ് നഗരത്തിൽ മഴ ആരംഭിച്ചത്. മഴയ്ക്കൊപ്പം മിന്നലുമുണ്ടായി. അരമണിക്കൂറോളം നീണ്ടുനിന്ന മഴയിൽ കാഞ്ഞിരമറ്റം മങ്ങാട്ടുകവല ബൈപാസിൽ ന്യൂമാൻ കോളജിനു സമീപം വലിയ വെള്ളക്കെട്ടുണ്ടായി.മങ്ങാട്ടുകവല കാരിക്കോട് റോഡ്, പ്രൈവറ്റ് ബസ് സ്റ്റാൻഡ്, മണക്കാട് ജംഗ്ഷൻ, റോട്ടറി ജംഗ്ഷൻ, മാവിൻചുവട്, മൗണ്ട് സിനായ് റോഡ്, കെഎസ്ആർടിസി ജംഗ്ഷൻ, നഗരസഭ പാർക്കിനു മുൻവശം എന്നിവിടങ്ങളിലും വെള്ളക്കെട്ട് രൂപപ്പെട്ടു. റോഡുകളിലൂടെയുള്ള വാഹന ഗതാഗതവും ഏറെ നേരം ദുഷ്കരമായി. പോക്കറ്റ് റോഡുകളിൽനിന്ന് കുത്തൊഴുക്കിൽ കല്ലും മണ്ണും മെയിൻ റോഡിലേക്ക് ഒഴുകിയെത്തിയതും വാഹനയാത്രക്കാർക്ക് ദുരിതമായി.

പലയിടത്തും ഓടകൾ അടഞ്ഞതിനാൽ മഴ പെയ്താൽ വെള്ളം ഒഴുകിപോകാൻ സൗകര്യം ഇല്ലാത്തതാണ് വെള്ളക്കെട്ടിന് പ്രധാന കാരണം. ഓടകൾ നഗരസഭയുടെ നേതൃത്വത്തിൽ ഇടയ്ക്കിടെ വൃത്തിയാക്കാറുണ്ടെങ്കിലും മാലിന്യം നിറഞ്ഞ് വീണ്ടും അടയും.മഴവെള്ളം യഥേഷ്ടം ഒഴുകുന്നതിന് സൗകര്യപ്രദമായ തരത്തിൽ വീതിയുണ്ടായിരുന്ന ഓടകൾ പലതും കൈയേറ്റത്തിൻറെ ഫലമായി ഇടുങ്ങിപ്പോയി. ഇതോടെയാണ് ഓടകളിലൂടെയുള്ള സുഗമമായ വെള്ളമൊഴുക്കിന് തടസമുണ്ടായത്.

# പെണ്ണെഴുത്ത് ശിൽപശാല സമാപിച്ചു

മലപ്പുറം: കവിതകൊണ്ടൊരു പകൽ. അതിൽ നിറയെ വെളിച്ചവും എന്ന തലക്കെട്ടിൽ ബുക്ക് പ്ലസ് സംഘടിപ്പിച്ച മൂന്നാമത് പെണ്ണെഴുത്ത് ശിൽപശാല സമാപിച്ചു.പാണക്കാട് ഹാദിയ സെൻററിൽ നടന്ന പരിപാടിയിൽ ശരീഫ് ചെമ്മാട് ആമുഖഭാഷണം നടത്തി. അനുഭവങ്ങളില്ലെങ്കിലും ഭാവനകൾ കോർത്തുവച്ച് നല്ല കൃതികൾ രചിക്കാമെന്ന് അദ്ദേഹം പറഞ്ഞു. സർഗസമീക്ഷ എന്ന ആദ്യ സെഷനിൽ കവി വീരാൻകുട്ടി സംസാരിച്ചു.കവിത ഒരു പൊതിക്കാത്ത തേങ്ങ പോലെയാണെന്നും ചകിരി മാറ്റി ചിരട്ട പൊളിച്ചാൽ മാത്രം കിട്ടുന്നതാകണം അതിൻറെ സത്തയെന്നും അദ്ദേഹം സൂചിപ്പിച്ചു. കവിതക്ക് ധാരാളം ശൈലികൾ നിലവിലുണ്ടെന്നും ആ കൈവഴികളെല്ലാം ഒറ്റക്കടലിലാണ് ചെന്നുപതിക്കുന്നതെന്നും ഇനിയും പുതിയ ശൈലികൾ കണ്ടെത്താൻ അവസരമുണ്ടെന്നും എഴുത്തുകാരിയുടെ മുറി എന്ന രണ്ടാം സെഷനിൽ നൂറ വരിക്കോടൻ പറഞ്ഞു.

കവിതയുടെ ജൈവചിത്രം എന്ന അവസാന സെഷനിൽ പുതിയകാല കവിതകൾ പാടിയും പറഞ്ഞും നാഫി ചേലക്കോട് സംവദിച്ചു. ബുക്പ്ലസിൻറെ വിവിധ പ്രൊജക്ടുകളിലെ എഴുത്തവസരങ്ങളും അദ്ദേഹം പരിചയപ്പെടുത്തി. അഫീഫ ജാസ്മിൻ, മുഹ്സിന ഖദീജ, ഫാത്തിമ ഷെറിൽ എന്നിവർ മികച്ച കവിതകൾക്കുള്ള അവാർഡുകൾ നേടി. എഴുപതോളം നവാഗത എഴുത്തുകാരികൾ പങ്കെടുത്ത പരിപാടിയിൽ ഹന്ന മെഹ്തർ, ഇർശാന അയ്യനാരി, സലീം ദേളി, ശാഫി ചെങ്ങര എന്നിവർ സംസാരിച്ചു.

# കുടിവെള്ള വിതരണം കാര്യക്ഷമമല്ലെന്ന് കൗൺസിലർമാരുടെ പരാതി

കട്ടപ്പന: കട്ടപ്പന നഗരസഭയിൽ കുടിവെള്ള വിതരണം കാര്യക്ഷമമല്ലെന്ന് കൗൺസിസിൽ ആക്ഷേപം. വേനൽ കടുത്ത മാർച്ച് അവസാനത്തോടെ എല്ലാ വാർഡുകളിലും കട്ടപ്പന നഗരസഭ കുടിവെള്ള വിതരണം ആരംഭിച്ചിരുന്നു.

ഒരു കുടുംബത്തിന് 200 ലിറ്റർ വെള്ളം ആഴ്ചയിൽ രണ്ടു ദിവസം വീതമാണ് നൽകുന്നത്. അഞ്ച് ടാങ്കറുകളിലായി ഒരു ലക്ഷം ലിറ്ററോളം വെള്ളമാണ് ദിവസേന നൽകുന്നത്. എന്നാൽ, പലയിടങ്ങളിലും കുടിവെള്ള വിതരണം കാര്യക്ഷമമല്ലെന്നാണ് കൗൺസിലർമാരുടെ പരാതി.വെള്ളമെത്തിക്കുന്നവരുടെ താത്പര്യമനുസരിച്ചാണ് വിതരണം നടക്കുന്നത് എന്നും കുടിവെള്ളക്ഷാമം രൂക്ഷമായ സ്ഥലങ്ങളിൽ വെള്ളം കൃത്യമായി എത്തിക്കുന്നില്ലെന്നുമാണ് കൗൺസിലർമാരുടെ പരാതി.

കട്ടപ്പന നഗരസഭയുടെ പൊതുടാപ്പുകൾ വഴി വാട്ടർ അതോറിറ്റി നൽകുന്ന വെള്ളത്തിൻറെ ബില്ലിൽ കുടിശിക വരുത്തിയത് നഗരസഭയുടെ അനാസ്ഥയാണെന്ന് പ്രതിപക്ഷ അംഗങ്ങൾ കുറ്റപ്പെടുത്തി.

വർഷങ്ങളായുള്ള കുടിശികയെക്കുറിച്ച് അറിവില്ലാത്തതിനാൽ പഠിച്ച ശേഷം അടുത്ത കൗൺസിലിൽ കത്തിൻറെ കാര്യം ചർച്ച ചെയ്യുമെന്നാണ് ഭരണസമിതിയുടെ വിശദീകരണം. കുടിവെള്ള വിതരണം വീഴ്ചയില്ലാതെ തുടരുമെന്നും എല്ലാ വാർഡുകളിലും വെള്ളമെത്തിക്കുന്നുണ്ടെന്നും ചെയർപേഴ്സൺ ബീന ടോമി വ്യക്തമാക്കി.

# ഹാജിമാർക്ക് കരിപ്പൂർ എയർപോർട്ടിൽ സൗകര്യമൊരുക്കണം'

മഞ്ചേരി: മലബാർ ഏരിയയിൽ നിന്ന് ഹജ്ജിന് പോകുന്ന ഹാജിമാർക്ക് വിമാനനിരക്ക് മിതമാക്കിക്കൊണ്ട് കരിപ്പൂർ എയർപോർട്ടിൽ നിന്ന് തന്നെ സൗകര്യം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കണമെന്ന് കെഎൻഎം ജില്ലാ ഹജ്ജ് ക്യാമ്പ് ആവശ്യപ്പെട്ടു.അഞ്ഞൂറിലേറെ പ്രതിനിധികൾ പങ്കെടുത്ത ക്യാമ്പ് സംസ്ഥാന പ്രസിഡൻറ് ടി.പി. അബ്ദുല്ലക്കോയ മദനി ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡൻറ് പി.കെ. അബ്ദുല്ല ഹാജി അധ്യക്ഷത വഹിച്ചു.

അലി ശാക്കിർ മുണ്ടേരി, നസീറുദ്ദീൻ റഹ്മാനി, മൗലവി ശഫീഖ് അസ് ലം , ഡോ. സി. മുഹമ്മദ് കോട്ടക്കൽ, അബൂബക്കർ മദനി മരുത, ടി. യൂസുഫലി സ്വലാഹി, എൻ. അബ്ദുല്ല സ്വലാഹി എന്നിവർ പ്രസംഗിച്ചു. ജില്ലാ സമിതി പുറത്തിറക്കിയ ഹജ്ജ് ഉംറ കൈപുസ്തകം ടി.പി. അബ്ദുല്ലക്കോയ മദനി, കളത്തിങ്ങൽ ബഷീറിന് കോപ്പി നൽകി പ്രകാശനം ചെയ്തു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers,
TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# വിയർപ്പ് തുന്നിയിട്ട കുപ്പായം ...



**ക്ലിന്റൺ ഡാമിയൻ**

ഒരു ലോകോത്തര പ്രതിഭയുടെ വളർച്ചയുടെ ഉയർച്ചയ്ക്ക് അകലങ്ങളിൽ മൂകസാക്ഷിയായി നിലകൊള്ളുവാൻ സാധിക്കുന്നത് ഒരു മഹത്തായ അനുഭവമാണ് .

ബാഗും തൂക്കി പത്തിലും പന്ത്രണ്ടിലും പള്ളിക്കൂടത്തിൽ പോകാൻ ബസ്സ് സ്റ്റോപ്പിൽ കാത്ത് നിൽക്കുന്ന സമയത്ത് വലിയൊരു ക്രിക്കറ്റ് കിറ്റും ചുമന്ന് ഒരു ചേട്ടനും അനിയനും കൺമുന്നിലൂടെ കടന്നുപോകുന്നത് കണ്ടിട്ടുന്നിട്ടുണ്ട്.....

പറമ്പിലും ഗ്രൗണ്ടിലും ടെന്നീസ് ബോളും റബർ പന്തും ബാറ്റും മാത്രം കണ്ടു നിന്ന മനുഷ്യർക്കിടയിലൂടെ പാഡുകളും കിറ്റുമായി കടന്നു പോകുന്ന അവരെ നോക്കി എന്തിനുവേണ്ടിയാണ് ഇതൊക്കെയെന്ന് വിധിക്കുന്ന മുഖങ്ങളെ കണ്ടിട്ടുണ്ട്.....

പത്രത്തിൽ കണ്ട വാർത്തകളിലും കവലയിലും ഉയർന്നു വന്ന പോസ്റ്ററിലും അണ്ടർ 14 തലത്തിൽ ഉയർന്നു വരുന്ന രണ്ട് ക്രിക്കറ്റ് താരങ്ങളാണ് അവരെന്ന് അറിയാമായിരുന്നു....... സഞ്ജു വി സാംസണും സാലി വി സാംസണും......

തുടർന്ന് മാർ ഈവാനിയോസ് കോളേജിൽ ബിരുദപഠനത്തിനായി ഇക്ണോമിക്സിന് ചേർന്നപ്പോൾ അവിടെ ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിൽ ബിഎ ഇംഗ്ലീഷിന് ചേരാൻ സഞ്ജു വി സാംസൺ വരുന്നുണ്ടെന്ന് അറിഞ്ഞു..... മേൽ പറഞ്ഞതുപോലെ അന്ന് ക്രിക്കറ്റ് കിറ്റും തൂക്കി നടന്ന് തന്റെ അമ്മവീടാകുന്ന വിഴിഞ്ഞത്തിന്റെ വീഥികളിലൂടെ നടന്നു പോയ ആ യുവാവ് അണ്ടർ19 ഇന്ത്യൻ ടീമിലെ വൈസ് ക്യാപ്റ്റൻ ഈവാനിയോസിൽ പഠിക്കാൻ വരുന്നു. അന്ന് രണ്ട് സെലിബ്രറ്റികളാണ് അഡ്മിഷൻ നേടിയത്.... സഞ്ജുവിനെ കൂടാതെ ബികോമിന് സിനിമാ താരമായ നസറിയ നസീം...... പക്ഷേ നസ്രീയയെ ഒരിക്കൽ പോലും ക്യാംപസിൽ വച്ച് കണ്ടുമുട്ടാൻ ഭാഗ്യം ലഭിച്ചില്ല..... എന്നാൽ സഞ്ജു വി സാംസൺ തലക്കനങ്ങളില്ലാതെ ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിലും ക്യാന്റീനിലും കാണപ്പെട്ടു.....

അന്ന് ഒരു നാൾ സകല ചാനലുകളിലും പത്രങ്ങളിലും ഒരു വാർത്ത വന്നു..... സഞ്ജു വി സാംസൺ ഇന്ത്യൻ 2020 ടീമിൽ ഇടം നേടിയെന്ന്..... അടുത്ത ദിവസം ഈവാനിയോസിൽ ആരവങ്ങൾ തീർക്കപ്പെട്ടു...... വിദ്യാർത്ഥി പ്രസ്ഥാനങ്ങൾ പഠിപ്പുമുടക്കുതിനെക്കാൾ പത്തിരട്ടി ശക്തമായി കോളേജ് ഒന്നടങ്കം ക്ലാസ് മുറികളിൽ നിന്നും വിദ്യാർത്ഥികളുടെ കടലിളകി സഞ്ജുവിനെ വരവേറ്റു..... ആർപ്പുവിളികളും തോളിലേറ്റി കോളേജ് ചുറ്റി നടത്തവും കഴിഞ്ഞ് കോളേജിന്റെ നടുപാലത്തിൽ നിന്ന് സകല ചാനൽ ക്യാമറകളെയുടെയും ലൈവ് സംപ്രേക്ഷണങ്ങളെ സാക്ഷി നിർത്തി സഞ്ജു സംസാരിച്ചപ്പോൾ താഴെ ആർത്തു വിളിച്ച വിദ്യാർത്ഥിക്കൂട്ടത്തിന്റെ ഭാഗമായി നിലകൊണ്ടു...... തുടർന്ന് ഞങ്ങളുടെ വിഴിഞ്ഞത്തും തുറന്ന ജീപ്പിൽ നാട് ചുറ്റി നൽകിയ സ്വീകരണം മറക്കാനാകത്തത് തന്നെയായിരുന്നു..... അതിനും സാക്ഷിയായിരുന്നു......

പങ്കെടുത്ത ക്വിസ് മത്സരങ്ങളിൽ ഒന്നിൽ ക്വിസ്റ്റ് മാസ്റ്റർ ഡൽഹി ക്രിക്കറ്റ് അണ്ടർ 14 ടീമിൽ ഇടം പിടിക്കാൻ സാധിക്കാതെ വന്നപ്പോൾ അതിന് ചിലർ തടസം നിന്നപ്പോൾ ഡൽഹി പോലീസിൽ നിന്നും സ്വയം വിരമിച്ച് തന്റെ മകനേയും കൂട്ടി കേരളത്തിലേയ്ക്ക് മടങ്ങിയ ഒരു അച്ഛന്റെ കഥ പറഞ്ഞ് അത് സാംസണും അദ്ദേഹത്തിന്റെ മകൻ സഞ്ജുവാണെന്ന് കേട്ടപ്പോൾ ഉണ്ടായ രോമാഞ്ചം.......

ക്യാംപസിൽ ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിന്റെ മുന്നിലെ പടിക്കെട്ടുകൾക്കു മുകളിൽ നല്ലൊരു സുഹൃത്തായി തന്റെ കൂട്ടുകാരോടൊപ്പം സംവദിക്കുന്ന സഞ്ജുവിനെയും കോളേജിൽ വരുന്ന ദിവസങ്ങളിൽ കെമസ്ട്രി ഡിപ്പാർട്ട്മെന്റിലെ ചാരുലതയോടൊപ്പം ക്യാന്റീനിലും ക്യാംപസിലും പ്രണയം പങ്കിടുന്ന കാമുകനായ സഞ്ജുവിനെയും കണ്ടു കടന്നു പോയിട്ടുണ്ട് .പിന്നീട് സഞ്ജുവും ചാരുലതയും ,അവർ ജീവിതത്തിൽ ഒന്നിച്ചുവെന്ന് അറിഞ്ഞപ്പോൾ സൗഹൃദമാണോ പ്രണയമാണോ എന്ന് ക്യാംപസ്കഥകൾ മെനഞ്ഞവർക്ക് ജീവിതത്തിന്റെ പിച്ചിൽ മാംഗല്യത്തിന്റെ പന്തിൽ താലിയുടെ സിസ്കർ പറത്തി സ്വന്തമാക്കിയെന്ന് കേട്ടപ്പോൾ പ്രശസ്തിയുടെ പരകോടിയിൽ നിറഞ്ഞു നിൽക്കുന്ന സഞ്ജുവെന്ന മനുഷ്യനോട് ആരാധന തോന്നി......

2014 മുതൽ 2024 പത്തു വർഷങ്ങളുടെ സംഭവ വികാസങ്ങളിലൂടെ നോക്കുമ്പോൾ കപ്പിനും ചുണ്ടിനുമിടയിൽ ഇന്ത്യൻ കുപ്പായത്തിൽ നിന്നും അകറ്റപ്പെട്ടപ്പോഴും ഈ മനുഷ്യൻ കാട്ടിയ ക്ഷമയും കാത്തിരിപ്പും ഐപിഎലെ രാജസ്ഥാൻ റോയൽസിന്റെ ക്യാപ്റ്റൻസിയും തിളർക്കമാർന്ന പ്രകടനവും കൊണ്ട് താണ്ടവമായി 20 20 ലോകകപ്പിലെ ഇന്ത്യൻ കുപ്പായം അണിയുമ്പോൾ ഇങ്ങനെ പറയാൻ തോന്നീടുന്നു.....

അടഞ്ഞു പോയതോ അതോ അടച്ചു കളഞ്ഞതോ എന്നു തോന്നീടുന്ന ഇന്ത്യൻ ക്രിക്കറ്റ് ടീം കുപ്പായത്തിന്റെ വഴി പ്രതീക്ഷ കൈവിടാതെ അടിച്ചെടുത്തു തച്ചുടച്ചു അടഞ്ഞ വഴിയെ വെട്ടിതുറന്ന് നേടിയെടുത്തു..... തടസങ്ങളുടെ സ്കോർഷീറ്റ് കാറ്റിൽ കീറിയപ്പെട്ടു......

അതേ പോരാട്ടത്തിന്റെ വിയർപ്പ് തുന്നിയിട്ട കുപ്പായം തന്നെ......

**പിൻകുറിപ്പ്:** അന്തിയോട് അടുക്കുമ്പോൾ ഇടവക ദേവാലയത്തിന്റെ ഉള്ളിൽ പലഭാഗത്തും ഒറ്റപ്പെട്ട പ്രാർത്ഥനകൾ ഉയരാറുണ്ട്..... പ്രതീക്ഷയുടെയും കണ്ണീരിന്റെയും പ്രാർത്ഥനകൾ..... ഒരുനാൾ ചെറിയ ഇരുട്ട് വീണനേരം പിറകിലെ ബെഞ്ചിൽ ഒരു യുവാവ് പ്രാർത്ഥിക്കുന്നു.....പിന്നെ തലയിൽ തൊപ്പിയും വച്ച് അയാൾ കൺമുന്നിലൂടെ കടന്നു പോകുന്നു..... അതേ പ്രാർത്ഥനയും ദൈവ വിശ്വാസവും അയാളുടെ ജീവിതത്തിന്റെ ഭാഗമാണെന്ന് പറഞ്ഞു വച്ച നിമിഷം ...... ഏകനായി കടന്നു പോയതിനു ശേഷമാണ് ഒന്ന് ഓർത്തത്..... ആ പോയത് സഞ്ജു വി സാംസണല്ലേ......??

പ്രിയപ്പെട്ട Sanju Samson ന് ഒരായിരം ആശംസകൾ നേരുന്നു.....

## നരേന്ദ്ര മോദിക്കെതിരെ പ്രതിഷേധിച്ച് മഹിളാ കോൺഗ്രസ് റാലി

കോയന്പത്തൂർ: റാലിയെ കുറിച്ച് മോശമായി സംസാരിച്ച മോദിയെ അപലപിച്ച് കോയമ്പത്തൂർ ജില്ലാ മഹിളാ കോൺഗ്രസ് കളക്ടറുടെ ഓഫീസിന് സമീപമുള്ള ബിഎസ്എൻഎൽ ഓഫീസിനു മുന്നിൽ പ്രതിഷേധിച്ചു. മഹിളാ കോൺഗ്രസ് അധ്യക്ഷ ഉമാ മഹേശ്വരിയുടെ നേതൃത്വത്തിൽ നടന്ന പ്രകടനത്തിൽ സിറ്റി ജില്ലാ കോൺഗ്രസ് പ്രസിഡൻറ് വക്കീൽ കർപ്പുസാമി, സംസ്ഥാന ജനറൽ സെക്രട്ടറി ഗണപതി ശിവകുമാർ എന്നിവർ പങ്കെടുത്തു.

കോയമ്പത്തൂർ ബോസ്, തമിഴ്ചെൽവൻ, കാന്തകുമാർ, തോമസ് വർഗീസ്, അഡ്വ. ജെറോം, സംഗനൂർ രാജഗോപാൽ, കാമാച്ചി സുന്ദരേശ്വരർ, അനീസ്, മധുസൂദനൻ, ഗണേഷ്, ചെക്ക് മുഹമ്മദ്, ശക്തിവേൽ, നാരായണൻ, ഡെന്നീസ് സെൽവരാജ്, ശിവപെരുമാൾ, തിലകാവതി, രംഗനായകെ, സെൽവി, ഉഷ, അനിത, ഗണപതി തിലകാവതി, ചിത്ര, സ്റ്റെപിന റോസ്, കോകില, ജയക്കൊടി, വിജയലക്ഷ്മി, വാസന്തി, സുധ, മാലതി, താര, ബ്രിട്ടോ, ഷൺമുഖസുന്ദരം, ഫ്രാൻസിസ്, മരുതൂർ സെൽവരാജ്, മുരുകൻ, മുത്തുസ്വാമി ചെട്ടിയാർ, രമേഷ്, പുഷ്പരാജ് തുടങ്ങിയവർ പങ്കെടുത്തു. പ്രതിഷേധത്തിനിടെ മോദിയുടെ അസഭ്യ പ്രസംഗത്തിനെതിരെ മുദ്രാവാക്യം വിളിക്കുകയും മതവികാരം വ്രണപ്പെടുത്തുന്ന പ്രധാനമന്ത്രിക്കെതിരെ നടപടിയെടുക്കണമെന്ന് തെരഞ്ഞെടുപ്പ് കമ്മീഷനോട് ആവശ്യപ്പെടുകയും ചെയ്തു.

## ദേശീയപാതയുടെ ഓടയിൽ കൂടി റോഡിലേക്ക് വെള്ളം ഒഴുകുന്നു

ചാത്തന്നൂർ: ചിറക്കര ഗ്രാമപഞ്ചായത്ത് ഏറം തെക്ക് വാർഡിലെ കൊച്ചുപാറ സെവൻത് ഡേ ചർച്ചിന് സമീപത്തു കൂടിയുള്ള ദേശീയപാതയുടെ ഓടയിൽ കൂടി റോഡിലേക്ക് വെള്ളം ഒഴുകുന്നത് നാട്ടുകാർക്ക് റോഡിലൂടെ നടക്കാൻ പറ്റാത്ത അവസ്ഥയായി. ഓടയിൽ കൂടി റോഡിലേക്ക് വെള്ളം ഒഴുക്കി വിടുന്ന രീതിയിൽ ഓട നിർമാണം നടത്തിയതിനെതിരെ സമീപവാസികൾ വാർഡ് മെമ്പർ മേരി റോസിൻറെ നേതൃത്വത്തിൽ നിർമാണ പ്രവർത്തനം തടഞ്ഞിരുന്നു.കല്ലുവാതുക്കൽ ജംഗ്ഷൻ മുതൽ ശീമാട്ടി ജംഗ്ഷൻ വരെയുള്ള ഓടയിൽ കൂടി വരുന്ന വെള്ളം ചർച്ചിന് സമീപം എത്തിച്ച് അവിടെ നിന്ന് സഞ്ചാരയോഗ്യമായ റോഡിലേക്ക് ഒഴുക്കിവിടുന്ന രീതിയിലാണ് നിലവിലെ ഓട നിർമാണം.ഈ ഇടറോഡിൽ ഓട ഇല്ലാത്തതിനാൽ റോഡിലേക്ക് ഒഴുക്കിവിടുന്ന വെള്ളം സമീപ പ്രദേശത്തേക്കും വീടുകളിലേക്കും എത്തും. മഴ പെയ്തതോടെ ഓടയിൽ കൂടി ധാരാളം വെള്ളം റോഡിലേക്ക് ഒഴുകിയെത്തുന്നു. ഇതോടെ റോഡിലൂടെ നടക്കാൻ പോലുമാവാത്ത അവസ്ഥയായി.വർഷങ്ങൾ പഴക്കമുള്ള ഈ റോഡിൽ കൂടിയാണ് ഉളിയനാട്, കണ്ണേറ്റ പ്രദേശങ്ങളിലുള്ളവർ കല്ലുവാതുക്കൽ മാർക്കറ്റിലും മറ്റും പോകുന്നത്. ഈ റോഡിൽ കൂടിയാണ് ഇന്നലത്തെ മഴയിൽ ഓടയിൽ കൂടി വന്ന വെള്ളം ഒഴുകി ഇറങ്ങിയത്. റോഡിൽ കൂടി കാൽ നാടയാത്രക്കാർക്ക് പോലും പോകാൻ പറ്റാത്ത അവസ്ഥ ആയി. റോഡിലേക്ക് വെള്ളം തുറന്നു വിടാനുള്ള നീക്കം അവസാനിപ്പിക്കണമെന്ന് കാണിച്ചു സമീപവാസികൾ പഞ്ചായത്തിൽ പരാതി നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ഒരു നടപടിയും ഉണ്ടായിട്ടില്ല.

## ഒമാനിൽ ഡിഎസി മാതൃക നടപ്പാക്കുന്നതിനുള്ള ചർച്ചകൾക്കു തുടക്കം

തിരുവനന്തപുരം: തിരുവനന്തപുരത്ത് ഡിഫറൻറ് ആർട് സെൻറർ ഭിന്നശേഷിക്കുട്ടികൾക്കായി വികസിപ്പിച്ചെടുത്ത ഇന്ദ്രജാലാധിഷ്ഠിതമായ ബോധന മാതൃക ഒമാനിൽ നടപ്പിലാക്കുന്നതിനുള്ള ചർച്ചകൾക്ക് ആരംഭം കുറിച്ചു.

ഒമാൻ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഓട്ടിസം അവബോധ പരിപാടിയിൽ ഡിഎസി ബോധന മാതൃക അവതരിപ്പിച്ചിരുന്നു. തുടർന്നാണ് ഡിഎസി മാതൃക ഒമാനിലും നടപ്പിലാക്കുന്നതിനെക്കുറിച്ച് ചർച്ച നടത്തിയത്. ചർച്ചയിൽ ഒമാൻ സോഷ്യൽ ഡെവലപ്മെൻറ് അണ്ടർ സെക്രട്ടറി റാഷിദ് ബിൻ അഹമ്മദ് അൽ ഷംസി, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി വൈസ് ചാൻസലർ ഡോ. അലിഅൽ ബിമാനി, ഓട്ടിസം സൊസൈറ്റി ചെയർമാൻ പ്രഫ. യഹിയ അൽഫാരിസി, ഗൾഫാർ മുഹമ്മദാലി, ഇന്ത്യൻ സോഷ്യൽ ക്ലബ് ചെയർമാൻ ബാബു രാജേന്ദ്രൻ, ലോകാരോഗ്യസംഘടന നാഷണൽ പ്രഫഷണൽ ഓഫീസർ ഡോ. മുഹമ്മദ് അഷീൽ, ഡിഫറൻറ് ആർട് സെൻറർ എക്സിക്യൂട്ടീവ് ഡയറക്ടർ ഗോപിനാഥ് മുതുകാട് എന്നിവർ പങ്കെടുത്തു. ഡിഎസി മാതൃക ഒമാനിൽ നടപ്പിലാക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചത് സെൻററിൻറെ പഠനരീതിയുടെ സ്വീകാര്യതയെയാണ് സൂചിപ്പിക്കുന്നതെന്നും ഗോപിനാഥ് മുതുകാട് പറഞ്ഞു. ഭിന്നശേഷിക്കുട്ടികളിൽ ഇന്ദ്രജാലാധിഷ്ഠിതമായി നൃത്തം, സംഗീതം, ഉപകരണസംഗീതം, ചിത്രരചന തുടങ്ങിയ വിവിധ കലാരൂപങ്ങളിൽ പരിശീലനം നൽകുന്ന നൂതന പഠനരീതിയാണ് ഡിഫറൻറ് ആർട് സെൻററിൽ നടപ്പിലാക്കിയിരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

## മെമ്മറി കാർഡ് അപ്രത്യക്ഷമായതിന് പിന്നിൽ രാഷ്ട്രീയ ഗൂഢാലോചന; മേയർക്കും ഡ്രൈവർക്കും ഇരട്ടനീതി പാടില്ല

തിരുവനന്തപുരം : തിരുവനന്തപുരം മേയറും കെ.എസ്.ആർ.ടി.സി ഡ്രൈവറുമായുള്ള തർക്കത്തിൽ ബസിനുള്ളിലെ സി.സി ടി.വി ക്യാമറയുടെ മെമ്മറി കാർഡ് കാണാതായത് ദുരൂഹമാണ്. മേയറുടെ ഭർത്താവും എം.എൽ.എയുമായ സച്ചിൻ ദേവ് ബസിനുള്ളിൽ കയറി യാത്രക്കാരെ ഇറക്കിവിട്ടെന്ന ആരോപണം നിലനിൽക്കെയാണ് മെമ്മറി കാർഡ് അപ്രത്യക്ഷമായത്. ദൃശ്യങ്ങൾ പുറത്തുവന്നാൽ തങ്ങളുടെ വാദങ്ങൾ പൊളിയുമെന്ന ആശങ്കയിൽ മെമ്മറി കാർഡ് ബോധപൂർവം എടുത്തുമാറ്റുകയും നശിപ്പിക്കുകയും ചെയ്തതായി സംശയമുണ്ട്. കേസിൽ നിർണായക തെളിവാകുമായിരുന്ന മെമ്മറി കാർഡ് അപ്രത്യക്ഷമായതിന് പിന്നിൽ രാഷ്ട്രീയ ഗൂഢാലോചനയുണ്ടോയെന്നും പരിശോധിക്കണം. മേയറും എം.എൽ.എയും സംഘവും നടത്തിയ നിയമ ലംഘനങ്ങളിൽ കേസെടുക്കാത്തത് അംഗീകരിക്കാനാകില്ല. ഒരാളുടെ പരാതിയിൽ കേസെടുക്കുകയും മറു ഭാഗത്തിന്റെ പരാതി തള്ളിക്കളയുകയും ചെയ്യുന്നത് ഇരട്ട നീതിയാണ്. ഈ സംഭവത്തിൽ പോലീസിനും കെ.എസ്.ആർ.ടി.സി മാനേജ്മെന്റിനും ഗുരുതരമായ വീഴ്ച പറ്റി. നഗരമധ്യത്തിൽ കാർ ബസിന് കുറുകെയിട്ട് പതിനഞ്ചോളം യാത്രക്കാരെ നടുറോഡിൽ ഇറക്കി വിട്ടിട്ടും കെ.എസ്.ആർ.ടി.സി അധികൃതർ പ്രതികരിച്ചില്ല. യാതക്കാരോട് കെ.എസ്.ആർ.ടി.സിക്ക് ഒരു ഉത്തരവാദിത്വവുമില്ലേ? ബസിന്റെ ട്രിപ്പ് മുടക്കിയിട്ടും പോലീസിൽ പരാതി നൽകിയില്ല. ഒരു സാധാരണക്കാരൻ ഇങ്ങനെ ചെയ്താലും ഇതാണോ കെ.എസ്.ആർ.ടി.സിയുടെ സമീപനം? അതോ മേയർക്കും എം.എൽ.എയ്ക്കും എന്തെങ്കിലും പ്രിവിലേജുണ്ടോ? മേയർക്കും സംഘത്തിനുമെതിരെ പരാതി നൽകാതെ ആരുടെ താൽപര്യമാണ് കെ.എസ്.ആർ.ടി.സി സംരക്ഷിക്കുന്നത്? മേയറും സംഘവും ബസ് തടഞ്ഞെന്ന് സി.സി ടി.വി ദൃശ്യങ്ങളിൽ വ്യക്തമാണ്. എന്നിട്ടും എന്തുകൊണ്ടാണ് പൊലീസ് കേസെടുക്കാത്തത്? ജനകീയ സമരങ്ങളുടെ ഭാഗമായി ബസ് തടഞ്ഞാൽ പോലും കേസെടുക്കുന്ന കേരള പോലീസ് മേയറേയും എം.എൽ.എയേയും കണ്ട് വിറച്ചതാണോ? അതോ കേസ് എടുക്കേണ്ടെന്ന് മുകളിൽ നിന്നും നിർദ്ദേശമുണ്ടോ? ഇരു ഭാഗത്തിന്റേയും പരാതികൾ അന്വേഷിച്ച് ആര് കുറ്റം ചെയ്താലും ഉചിതമായ നടപടി വേണം. മേയർക്കും എം.എൽ.എയ്ക്കും കെ.എസ്.ആർ.ടി.സി ഡ്രൈവർക്കും ഒരേ നിയമമാണെന്ന്മറക്കരുത്.

## ചരിത്രം രചിച്ച് ആദ്യമായി ഒരു പൊതു തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്ത് ഗ്രേറ്റ് നിക്കോബാറിലെ ഷോംപെൻ ഗോത്രം

ന്യൂഡൽഹി: തെരഞ്ഞെടുപ്പ് പ്രക്രിയയിൽ ജഢഠഏ (പ്രത്യേകിച്ച് ദുർബലരായ ആദിവാസി വിഭാഗങ്ങൾ) കമ്മ്യൂണിറ്റികളെയും മറ്റ് ആദിവാസി ഗ്രൂപ്പുകളെയും ഉൾപ്പെടുത്തുന്നതിനുള്ള ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യയുടെ കഴിഞ്ഞ രണ്ട് വർഷമായുള്ള ശ്രമങ്ങൾ ഫലപ്രാപ്തിയിലെത്തിയതിന്റെ തെളിവാണ് വിവിധ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും ഗോത്ര വിഭാഗങ്ങൾ പൊതു തെരഞ്ഞെടുപ്പിന്റെ ഒന്നും രണ്ടും ഘട്ടങ്ങളിൽ ആവേശത്തോടെ പങ്കെടുക്കുന്നതിന്റെ പോളിംഗ് സ്റ്റേഷനുകളിലെ ദൃശ്യങ്ങളിലൂടെ വ്യക്തമാകുന്നത്. ഗ്രേറ്റ് നിക്കോബാറിലെ ഷോംപെൻ ഗോത്രം ആദ്യമായി ഒരു പൊതു തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്തത് ചരിത്രപരമായ ഒരു നീക്കമായി. തെരഞ്ഞെടുപ്പ് പ്രക്രിയയിൽ ജഢഠഏകളെ ഉൾപ്പെടുത്തുന്നതിനെക്കുറിച്ച് ബോധവാന്മാരായിരുന്ന ഇന്ത്യൻ തെരഞ്ഞെടുപ്പ് കമ്മീഷൻ കഴിഞ്ഞ രണ്ട് വർഷമായി അവരെ വോട്ടർമാരായി രജിസ്റ്റർ ചെയ്യുന്നതിനും വോട്ടിംഗ് പ്രക്രിയയിൽ പങ്കെടുക്കുന്നതിനും പ്രത്യേക ശ്രമങ്ങൾ നടത്തിയിരുന്നു. വോട്ടർപട്ടിക പുതുക്കുന്നതിനുള്ള പ്രത്യേക സംഗ്രഹ പുനരവലോകന വേളയിൽ, വോട്ടർപട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി പിവിടിജികൾ താമസിക്കുന്ന പ്രത്യേക സംസ്ഥാനങ്ങളിൽ പ്രത്യേക ഔട്ട്റീച്ച് ക്യാമ്പുകൾ നടന്നു. 2022 നവംബറിൽ പുണെയിൽ നടന്ന വാർത്താ സമ്മേളനത്തിൽ, സ്പെഷ്യൽ സമ്മറി റിവിഷൻ 2023 ന്റെ ദേശീയതല സമാരംഭത്തിന്റെ അവസരത്തിൽ, രാജ്യത്തിന്റെ അഭിമാനകരമായ വോട്ടർമാരായി ജഢഠഏകളെ എൻറോൾ ചെയ്യുന്നതിനും ശാക്തീകരിക്കുന്നതിനുമുള്ള കമ്മീഷന്റെ കേന്ദ്രീകൃത ഇടപെടലുകളെക്കുറിച്ച് ചീഫ് ഇലക്ഷൻ കമ്മീഷണർ ശ്രീ രാജീവ് കുമാർ ഊന്നിപ്പറഞ്ഞത് ഓർക്കാം.

മധ്യപ്രദേശിൽ നിന്നുള്ള ബൈഗ ഗോത്രവും ഗ്രേറ്റ് നിക്കോബാറിൽ നിന്നുള്ള ഷോംപെൻ ഗോത്രവും വിവിധ സംസ്ഥാനങ്ങളിലെ ദൃശ്യങ്ങളിലൂടെ മധ്യപ്രദേശ് സംസ്ഥാനത്ത് ആകെ മൂന്ന് പിവിടിജികളുണ്ട്; ബൈഗ, ഭരിയ, സഹരിയ. 23 ജില്ലകളിലെ മൊത്തം 9,91,613 ജനസംഖ്യയിൽ, 6,37,681 പേർ 18 വയസിന് മുകളിലുള്ള യോഗ്യരായ പൗരന്മാരാണ്, എല്ലാവരും വോട്ടർ പട്ടികയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് രണ്ട് ഘട്ടമായി നടന്ന വോട്ടെടുപ്പിൽ പുലർച്ചെ തന്നെ പോളിങ് സ്റ്റേഷനിലെത്തി വോട്ട് ചെയ്യാൻ ഊഴം കാത്ത് ജനാധിപത്യത്തിന്റെ മഹത്തായ ഉത്സവത്തിൽ പങ്കാളിത്തം ഉറപ്പാക്കിയ ബൈഗ, ഭാരിയ വിഭാഗങ്ങളിലെ വോട്ടർമാർക്കിടയിൽ ആവേശം നിറഞ്ഞിരുന്നു.പോളിംഗ് സ്റ്റേഷനുകളിൽ ഗോത്രവർഗ ഗ്രൂപ്പുകളെ സ്വാഗതം ചെയ്യുന്നതിനായി ആദിവാസി തീം അടിസ്ഥാനമാക്കിയുള്ള പോളിംഗ് സ്റ്റേഷനുകളും സജ്ജീകരിച്ചിരുന്നു. മധ്യപ്രദേശിലെ ഡിൻഡോരിയിൽ നിന്നുള്ള ഗ്രാമീണർ പോളിംഗ് സ്റ്റേഷനുകൾ സ്വയം അലങ്കരിച്ചു.

## വിവാദങ്ങളെക്കുറിച്ച് പ്രതികരിക്കവേ തൊണ്ടയിടറി മേയർ ആര്യ രാജേന്ദ്രൻ

തിരുവനന്തപുരം: കെഎസ്ആർടിസി ബസ് തടഞ്ഞ് ഡ്രൈവറുമായി തർക്കമുണ്ടായ സംഭവത്തിൽ ഡ്രൈവർക്കെതിരെ നടപടി ആവശ്യപ്പെട്ട് നഗരസഭാ കൗൺസിലിൽ ഭരണപക്ഷം കൊണ്ടുവന്ന പ്രമേയത്തിനു മറുപടി പറയവേ തൊ ണ്ടയിടറി മേയർ ആര്യ രാജേന്ദ്രൻ.

മേയറായതിനാൽ പ്രതികരിക്കാതിരിക്കാനാവുമോ.? ഏതു സ്ഥാനത്തിരിക്കുന്നവ രായാ ലും ജനപ്രതിനിധികളും സാധാരണ മനുഷ്യരാണ്. നമ്മൾ ചിന്തിക്കേണ്ട കാര്യം ഇത്തരം വിഷയങ്ങൾ ഉണ്ടാകുന്പോൾ ഒരു രീതിയിലും പ്രതികരിക്കാത്ത സമൂഹമാണ് വളർന്നു വരുന്നതെന്നാണ്. സമൂഹത്തിൽ ഇത്തരം വിഷയങ്ങൾ ഉണ്ടാകുന്പോൾ പെൺകുട്ടികൾ അത് ജനപ്രതിനിധികളോടു വന്നുപറയുണ്ട്.

എന്നാൽ എന്തുകൊണ്ടാണ് അപ്പോൾ പ്രതികരിക്കാതിരുന്നതെന്നാണ് അവരോട് ആദ്യം ചോദിക്കുക. ഇത്തരം ചോദ്യങ്ങളാണ് പലരെയും പ്രതികരിക്കുന്നതിൽനിന്ന് പിൻതിരിപ്പിക്കുന്നത്. ഒരു സ്ത്രീയെ സംബന്ധിച്ച് ഇതൊരു പ്രശ്നം തന്നെയാണ്. ഈ വിവാദം തനിക്ക് വലിയ പ്രയാസമുണ്ടാക്കി. കൂടുതൽ സംസാരിച്ചാൽ വികാരാധീനയാവുമെന്നതിനാൽ പല കാര്യങ്ങളും പറയുന്നില്ലെന്നു മേയർ പറഞ്ഞു.

തനിക്കും കുടംബത്തിനുമെതിരെ രൂക്ഷമായി സൈബർ അക്രമണം നടക്കുന്നു. കാറിന് സൈഡ് കൊടുക്കാത്തതിനല്ല, ലൈംഗിക ചേഷ്ട കാണിച്ചതിനെ തുടർന്നാണു ബസ് ഡ്രൈവറെ പിന്തുടർന്നത്. ഒരു സ്ത്രീക്കും ഇനി ഇങ്ങനെയാരു സാഹചര്യം ഉണ്ടാകാതിരിക്കാനാണ് പ്രതികരിച്ചത്. എന്തുവന്നാലും നിലപാടിൽ ഉറച്ചുനിൽക്കും. നിയമനടപടികൾ നടക്കുന്നതിനാൽ കൂടുതൽ കാര്യങ്ങളിലേക്ക് കടക്കുന്നില്ലെന്നും, ആരാണ് കുറ്റക്കാരെന്ന് പോലീസ് കണ്ടെത്തെട്ടേയെന്നും മേയർ പറഞ്ഞു.

## ആളില്ലാത്ത സമയം വീട്ടിൽ മോഷണം: പ്രതിയെ ഉടൻ പിടികൂടുമെന്ന് പോലീസ്

കാട്ടാക്കട: ആളില്ലാത്ത സമയം വീട്ടിൽ നിന്നും 42 പവൻ കവർന്ന സംഭവത്തിൽ മോഷ്ടാവിനായി തെരച്ചിൽ ഊർജിതമായി. പ്രതിയെ പറ്റി സൂചന കിട്ടിയതായും വിവരം.സമീപത്തെ സിസിടിവി കാമറ ദൃശ്യം ഉൾപ്പടെ പരിശോധിക്കുകയാണ് പോലീസ്. വിളപ്പിൽശാല കാവിൻ പുറത്തെ വീട്ടിൽ ആണ് മോഷണം നടന്നത്. ഞായറാഴ്ച രാത്രി ഒമ്പതിനും തിങ്കളാഴ്ച പുലർച്ചെ ആറിനും ഇടയ്ക്കാണ് കവർച്ച നടന്നിരിക്കുന്നത് എന്നാണ് നിഗമനം.

വീട്ടുടമയായ ജേക്കബ് എത്തിയപ്പോഴാണ് വീടിൻറെ മുൻവാതിൽ തുറന്ന് കിടക്കുന്നത് കാണുന്നത്. തുടർന്ന് നടത്തിയ പരിശോധനയിലാണ് മോഷണം നടന്നതായി മനസിലായത്. ശേഷം വിളപ്പിൽശാല പോലിസിനെ വിവരം അറിയിക്കുകയായിരുന്നു. പോലിസും വിരലടയാള വിദഗ്ധരും ഡോഗ് സ്‌ക്വാഡും സ്ഥലത്തെത്തി പരിശോധന നടത്തി തെളിവുകൾ ശേഖരിച്ചു. മുൻ വാതിൽ പൊളിച്ച് അകത്തു കടന്ന മോഷ്ടാവ് കിടപ്പ് മുറിയില അലമാരയിൽ സൂക്ഷിച്ചിരുന്ന 42 പാവനോളം സ്വർണാഭരണങ്ങൾ കവർന്നിരുന്നു.

## മേയ്ദിന സന്ദേശ വിളംബര ജാഥ നടത്തി

നേമം: ഐഎൻടിയുസി ജില്ലാ കമ്മിറ്റി ഇന്ന് തലസ്ഥാനത്ത് നടത്തുന്ന മേയ്ദിന റാലിയുടെ സന്ദേശം വിളിച്ചറിയിച്ച് ജില്ലയുടെ വിവിധ കേന്ദ്രങ്ങളിൽ സംഘടിപ്പിച്ചിട്ടുള്ള മെയ്ദിന സന്ദേശ വിളംബര ജാഥകളുടെ ജില്ലാതല ഉദ്ഘാടനം പേരൂർക്കടയിൽ നടന്നു. ഓട്ടോ, ടാക്സി, ചുമട്ടു തൊഴിലാളികളുംമറ്റു വിവിധ യൂണിയനങ്ങളുടെ പ്രതിനിധികളും പങ്കെടുത്ത വിളംബര ജാഥകളുടെ ജില്ലാതല ഉദ്ഘാടനം ഐഎൻടിയുസി ജില്ലാ പ്രസിഡൻറ് വി.ആർ പ്രതാപൻ നിർവഹിച്ചു.

ഐഎൻടിയുസി ജില്ലാ സെക്രട്ടറി ഒ.എസ്.രാജീവ് കുമാർ അധ്യക്ഷത വഹിച്ചു . ബിജു കല്ലറ, താന്നിമൂട് ഷംസുദ്ദീൻ,ആൽബർട്ട്, സജൻ , ജെ.സതികുമാരി , ബിജു തുടങ്ങിയവർ പ്രസംഗിച്ചു. ഐഎൻടിയുസി ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഇന്ന് തലസ്ഥാനത്ത് നടക്കുന്ന മെയ്ദിന റാലി സെക്രട്ടറിയേറ്റിന് പുറകുവശത്ത് പ്രസ് ക്ലബ്ബിന് മുമ്പിൽ രാവിലെ 9.30 ന് കെപിസിസി ആക്ടിംഗ് പ്രസിഡൻറ് എം.എം. ഹസൻ ഉദ്ഘാടനം ചെയ്യും.